പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം : 31 | 02.03.2010- ൽ മറുപടിക്ക്.

## ജനമൈത്രി പോലീസ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. എൻ. ജയരാജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ജനമൈത്രി പോലീസ് സംവിധാനം സംസ്ഥാനത്തുടനീളം നടപ്പിൽ വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | : (എ) ജനമൈത്രി സുരക്ഷാ പദ്ധതി രണ്ട് ഘട്ടങ്ങളിലായി സംസ്ഥാനത്തുടനീളം 43 പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. രണ്ട് ഘട്ടങ്ങളിലായി ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്റ്റേഷനുകളുടെ ജില്ല തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഈ സംവിധാനം തൃപ്തികരമായി നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (ബി) ഈ സംവിധാനം തൃപ്തികരമായി നടന്നു വരുന്നുണ്ട്. |
| (സി) പ്രസ്തുത സംവിധാനം കാലോചിതമായി പരിഷ്ക്കരിക്കാൻ ആലോചിക്കുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ? | : (സി) ഓരോ പ്രദേശത്തെയും ആവശ്യങ്ങൾക്കനുസൃതമായി പോലീസ്-പൊതുജന സഹകരണത്തോടെ ജനങ്ങളുടെ സുരക്ഷാ സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയാണ് ജനമൈത്രി സുരക്ഷാ പദ്ധതിയിലൂടെ ചെയ്തുവരുന്നത്. കൂടാതെ അതതു പ്രദേശത്തെ സമിതി മീറ്റിംഗുകളിലും അവലോകന |

(Ctnd....2/-)

യോഗങ്ങളിലും ഉരുത്തിരിഞ്ഞു വരുന്ന നൂതന ആശയങ്ങൾക്കനുസൃതമായി പദ്ധതി നടത്തിപ്പിൽ വേണ്ടുന്ന പരിഷ്കാരങ്ങൾ നടപ്പിൽ വരുത്താറുണ്ട്.പദ്ധതി ഒന്നാംഘട്ടത്തിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ ജില്ലകളിൽ (കൊല്ലം, ആലപ്പുഴ, എറണാകുളം സിറ്റി, കണ്ണൂർ) പദ്ധതി നടത്തിപ്പിനെ സംബന്ധിച്ചുള്ള ഇംപാക്ട് സ്റ്റഡി നടത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

ഒന്നാം ഘട്ടം

| | | |
|---|---|---|
| തിരുവനന്തപുരം സിറ്റി | - | പേട്ട, കൻറോൺമെൻറ്, ഫോർട്ട് |
| കൊല്ലം | - | പരവൂർ |
| പത്തനംതിട്ട | - | അടൂർ |
| ആലപ്പുഴ | - | ചേർത്തല |
| ഇടുക്കി | - | തൊടുപുഴ |
| കോട്ടയം | - | വൈക്കം |
| കൊച്ചി സിറ്റി | - | ഫോർട്ട് കൊച്ചി, കടവന്ത്ര, പാലാരിവട്ടം |
| തൃശ്ശൂർ | - | ഇരിഞ്ഞാലക്കുട |
| പാലക്കാട് | - | ഒറ്റപ്പാലം |
| മലപ്പുറം | - | പെരിന്തൽമണ്ണ |
| കോഴിക്കോട് സിറ്റി | - | കസബ, പന്നിയങ്കര, ചെമ്മങ്ങാട് |
| വയനാട് | - | കൽപറ്റ |
| കണ്ണൂർ | - | പയ്യന്നൂർ |
| കാസർഗോഡ് | - | കാസർഗോഡ് |

രണ്ടാം ഘട്ടം

| | | |
|---|---|---|
| തിരുവനന്തപുരം സിറ്റി | - | മെഡിക്കൽ കോളേജ് |
| തിരുവനന്തപുരം റൂറൽ | - | കഴക്കൂട്ടം, ആറ്റിങ്ങൽ |
| കൊല്ലം | - | ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷൻ |
| പത്തനംതിട്ട | - | തിരുവല്ല |
| ആലപ്പുഴ | - | ടൗൺ നോർത്ത് പോലീസ് സ്റ്റേഷൻ |
| ഇടുക്കി | - | കട്ടപ്പന |
| കോട്ടയം | - | ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷൻ, പാലാ, ടൗൺ വെസ്റ്റ് പോലീസ് സ്റ്റേഷൻ |
| കൊച്ചി സിറ്റി | - | തൃപ്പൂണിത്തുറ ഹിൽപാലസ്, തോപ്പുംപടി |
| എറണാകുളം റൂറൽ | - | ആലുവ |
| തൃശ്ശൂർ | - | ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷൻ ടൗൺ വെസ്റ്റ് പോലീസ് സ്റ്റേഷൻ |
| പാലക്കാട് | - | ടൗൺ സൗത്ത് പോലീസ് സ്റ്റേഷൻ |
| മലപ്പുറം | - | തിരൂർ |
| കോഴിക്കോട് സിറ്റി | - | മാറാട്, നടക്കാവ് |
| കോഴിക്കോട് റൂറൽ | - | വടകര |
| വയനാട് | - | മാനന്തവാടി |
| കണ്ണൂർ | - | തലശ്ശേരി |
| കാസർഗോഡ് | - | ഹോസ് ദുർഗ് (കാഞ്ഞങ്ങാട്) |

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 32

02.03.2010-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ് | ഡോ. ടി.എം.തോമസ് ഐസക്<br>ധനകാര്യമന്ത്രി |

### മാന്ദ്യ വിരുദ്ധ പാക്കേജ്

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | 2009-10-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പതിനായിരം കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജിൽപ്പെടുത്തി എന്തെല്ലാം കാര്യങ്ങളാണ് ചെയ്തത് ; | തൊഴിലും വരുമാനവും ഉത്പാദനവും വർദ്ധിപ്പിക്കുന്നതിനായുള്ള പൊതുമൂലധന നിക്ഷേപം ഉയർത്തുക എന്ന ലക്ഷ്യമിട്ടുകൊണ്ടുള്ള 10000 കോടി രൂപയുടെ മാന്ദ്യ വിരുദ്ധ പാക്കേജാണ് 2009-10 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിൽ 5000 കോടി രൂപയാണ് സർക്കാർ ഡിപ്പാർട്ടുമെന്റുകൾ നേരിട്ട് നിക്ഷേപിക്കുക.<br><br>ഇതിൽ, അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുവേണ്ടി 3000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ വിവിധ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 858.81 കോടി രൂപയും റോഡുകളുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് 1712.76 കോടി രൂപയും കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾക്ക് 428.43 കോടി രൂപയും ഉൾപ്പെടുന്നു. ഇതിനുപുറമേ കണ്ണൂർ, കാസറഗോഡ്, കോഴിക്കോട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിലെ ടൂറിസം റോഡുകളുടെ വികസന പ്രവർത്തനങ്ങൾക്കായി 86.17 കോടി രൂപയുടെ പ്രത്യേക ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധ കുടിവെള്ള വിതരണപദ്ധതികളുടെ പൂർത്തീകരണത്തിനും നവീകരണത്തിനും പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുമായി 478.61 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വിവിധ കനാലുകളുടെയും റഗുലേറ്റർ കം ബ്രിഡ്ജുകളുടെയും |

നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾക്കായി 519.44 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ഇവയ്ക്കു പുറമെ കൃഷി, സ്പോർട്സ് ഡിപ്പാർട്ടുമെൻറുകളും പ്രവർത്തിക്ക് അനുമതി നൽകിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.യുടെ പാർക്കുകളി ലേക്ക് 163 കോടി രൂപയുടെ റോഡുനിർമ്മാണ അനുമതി നൽകിയിട്ടുണ്ട്. 3000 കോടി രൂപയുടെ ഇ.എം.എസ്. പാർപ്പിട പദ്ധതിക്കും തുടക്കം കുറിച്ചിട്ടുണ്ട്.

കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ ചീമേനിയിൽ 8000 കോടി രൂപയുടെ സൂപ്പർ തെർമൽ പവർ സ്റ്റേഷൻ, തിരുവനന്തപുരത്ത് 300 കോടി രൂപയുടെ ലൈഫ്സയൻസ് പാർക്ക്, കൊച്ചിയിൽ 10000 കോടി രൂപയുടെ ഇലക്ട്രോണിക് ഹാർഡ്വെയർ പാർക്ക്, കൊല്ലത്ത് 1600 കോടി രൂപയുടെ ടൈറ്റാനിയം കോംപ്ലക്സ്, അതിവേഗ റെയിൽ പാത നിർമ്മാണ ത്തിനുവേണ്ടി 50000 കോടി രൂപ, വെഞ്ചർ ഫണ്ടിനായി 100 കോടി രൂപ എന്നീ പദ്ധതികളുടെ പ്രാരംഭ നടപടികൾ ആരംഭിച്ചു. പെയ്ഡ് അപ് ക്യാപ്പിറ്റൽ 30 കോടി രൂപ വരെയുള്ള വ്യവസായ സംരംഭങ്ങൾക്ക് വായ്പ അനുവദിക്കുന്നതിന് കെ.എഫ്.സി.ക്ക് അനുമതി നൽകിക്കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കോഴിക്കോട് സിറ്റി ഇംപ്രൂവ്മെൻറ് പ്രോജക്ടിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിനു 95.22 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചു കഴിഞ്ഞു. ടെക്നോപാർക്കിലും ഇൻഫോപാർക്കിലും പ്രവർത്തിച്ചുവരുന്ന ഐ.റ്റി.കമ്പനികൾ 2009-10 – ൽ നല്കേണ്ട വാടകയിനത്തിലെ 50% 2010-11 ലേയ്ക്ക് മാറ്റിവച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കിൻഫ്രയുടെ ആഭിമുഖ്യത്തിൽ സ്വകാര്യ പങ്കാളിത്ത ത്തോടെ 2009-10 -ൽ ധാരണയിലെത്തിയ സ്വകാര്യ നിക്ഷേപപദ്ധതികൾ പ്രവർത്തനസജ്ജമാകുമ്പോൾ 125 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നു. ഐ.ടി. മേഖലയിൽ കെ.എസ്.ഐ.റ്റി.ഐ.എൽ. മുഖേന

സ്വകാര്യ നിക്ഷേപം ഉൾപ്പെടെ ഏകദേശം 2472 കോടി രൂപയുടെ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ കേരളയുടെ ആഭിമുഖ്യത്തിൽ 340 കോടി രൂപയുടെ 17 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണ– പ്രവർത്തനങ്ങളും 2780.59 കോടി രൂപയുടെ സീ പോർട്ട് എയർപോർട്ട് റോഡ് ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളുടെയും പൊന്നാനി എലത്തൂർ കോസ്റ്റൽ ടൂറിസ്റ്റ് ഹൈവേ, കുമരകം വഴി ചേർത്തല കോട്ടയം ടൂറിസ്റ്റ് ഹൈവേ, കാക്കനാട് – തങ്കളം (കോതമംഗലം) ഹൈവേ എന്നിവയുടേയും നിർമ്മാണ പ്രവർത്തന ങ്ങളും ഉൾപ്പെടെ മൊത്തം 3120.59 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പബ്ളിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പിലൂടെ ഭവനനിർമ്മാണ ബോർഡിന്റെ കൈവശമുള്ള ഭൂമിയിൽ പാർപ്പിട വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ വിവിധ പ്രദേശങ്ങളിൽ ഭവനനിർമ്മാണ ബോർഡിന്റെ കൈവശമുള്ള ഭൂമിയിൽ ബിൾഡ് ഷെയർ ട്രാൻസ്ഫർ രീതിയിൽ നടപ്പിലാക്കാൻ.. പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു.

| | |
|---|---|
| (ബി) ഇതനുസരിച്ച് എത്ര പദ്ധതികൾ നടപ്പാക്കി;<br>(സി) അതിനുവേണ്ടി എത്ര തുക ഇതുവരെ ചെലവായി എന്ന് വെളിപ്പെടുത്തുമോ? | വിവിധ പദ്ധതികളുടെ നടത്തിപ്പ് അതിന്റെ പ്രാരംഭ ഘട്ടത്തിലായതിനാൽ നടപ്പു സാമ്പത്തിക വർഷത്തിൽ ഇതുവരെയുണ്ടായ ചെലവ് എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.33 — 2-3-2010-ന് മറുപടിക്ക്

## ജവഹർലാൽ നെഹ്റു നഗര പുനരുദ്ധാരണ മിഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എൻ.അനിരുദ്ധൻ<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>ശ്രീ.കെ.അജിത്<br>ശ്രീ.എ.കെ.ചന്ദ്രൻ<br>ശ്രീ.പി.തിലോത്തമൻ | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |

എ) ജവഹർലാൽ നെഹ്റു നഗര പുനരുദ്ധാരണമിഷനിൽ ഉൾപ്പെടുത്തി ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്രം അനുമതി നൽകിയിട്ടുണ്ട്; കൂടുതൽ പദ്ധതികൾ അനുവദിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

ബി) എങ്കിൽ സംസ്ഥാനത്തെ ഏതെല്ലാം ചെറുകിട-ഇടത്തരം നഗരങ്ങളുടെ വികസനത്തിന് എത്ര രൂപയുടെ പദ്ധതികളാണ് കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

എ)യും ബി)യും ജവഹർലാൽ നെഹ്റു നഗര പുനരുദ്ധാരണ മിഷനിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ ജല വിതരണ പദ്ധതികൾക്കായി 288.33 കോടി രൂപയുടെയും, സ്വിവറേജ് പദ്ധതിക്കായി 414.97 കോടി രൂപയുടെയും, ഖരമാലിന്യ സംസ്കരണത്തിനായി 112.68 കോടി രൂപയുടെയും, ഉപരിതല ജലനിർഗ്ഗമന പദ്ധതിക്കായി 50.17 കോടി രൂപയുടെയും, ആധുനിക ബസുകൾ വാങ്ങുന്നതിനായി 124.40 കോടി രൂപയുടെയും, ട്രാഫിക് ആന്റ് ട്രാൻസ്പോർട്ടേഷന് 109.64 കോടി രൂപയുടെയും, ഇ-ഗവേണൻസിനായി

............2/-

8.7050 കോടി രൂപയുടെയും പദ്ധതികൾക്ക് കേന്ദ്രം അനുമതി നൽകിയിട്ടുണ്ട്. കൂടാതെ കൊച്ചിയിൽ ഹെറിറ്റേജ് പ്രോജക്ടിനായി 22.61 കോടി രൂപയുടെ പദ്ധതിയും അംഗീകരിച്ചിട്ടുണ്ട്. കോഴിക്കോട് നഗരസഭയെകൂടി ജെ.എൻ.എൻ.യു. ആർ.എം. പദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള പരിശീലന ങ്ങൾക്കായി 13.80 കോടി രൂപയുടെ പ്രോജക്ട് കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുമുണ്ട്.

ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷന്റെ ഉപ പദ്ധതിയായ ബേസിക് സർവ്വീസസ് ടു ദി അർബൻ പുവർ (ബി.എസ്.യു.പി) പദ്ധതിയും സമഗ്ര ചേരി വികസനം ലക്ഷ്യമിടുന്ന സംയോജിത ഭവന നിർമ്മാണചേരി വികസന (ഐ.എച്ച്.എസ്.ഡി.പി.) പരിപാടിയും

സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട് ബി.എസ്.യു.പി. പ്രകാരം തിരുവനന്തപുരം, കൊച്ചി നഗരസഭകളുടെ 343.40 കോടി രൂപയുടെ പദ്ധതിയാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ 233.55 കോടി രൂപ കേന്ദ്രവിഹിതമാണ്. ഐ.എച്ച്.എസ് ഡി.പി.പ്രകാരം 40 നഗരസഭകളിലായി ആകെ 207.01 കോടി രൂപയുടെ പദ്ധതികളാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ 159.20 കോടി രൂപ കേന്ദ്ര വിഹിതമാണ് ഐ.എച്ച്.എസ്.ഡി.പി. യിൽ 6 ഒന്നാം ഘട്ട പ്രോജക്ടുകളും, 6 രണ്ടാം ഘട്ട പ്രോജക്ടുകളും അംഗീകാരത്തിനായി കേന്ദ്രസർക്കാരിനു് സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

ജെ.എൻ.എൻ.യുആർ.എം. ന്റെ മറ്റൊരു ഉപപദ്ധതിയായ യു.ഐ.ഡി.എസ്. എസ്.എം.ടി. പദ്ധതി യിൽ പെടുത്തി 33 പ്രോജക്ടുകൾക്ക് 462.76 കോടി രൂപയ്ക്ക് സ്റ്റേറ്റ്ലെവൽ സാങ്ഷനിംഗ് കമ്മിറ്റി അംഗീകാരം

............4/

നൽകിയിട്ടുണ്ട്. ഇതിൽ 12 ജലവിതരണ പദ്ധതികളും 19 ഖരമാലിന്യ സംസ്കരണ പദ്ധതികളും ഒരു സിവറേജ് പ്രോജക്ടും ഒരു സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതിയും ഉൾപ്പെട്ടിട്ടുണ്ട്. യു.ഐ.ഡി എസ്.എസ്.എം.ടി. പദ്ധതി പ്രകാരം 2006-07, 2007-08 എന്നീ കാലയളവുകളിൽ 11 നഗരങ്ങൾക്ക് ഖരമാലിന്യ സംസ്കരണത്തിനായി 36.57 കോടി രൂപയുടെയും, 13 നഗരങ്ങൾക്ക് കുടിവെള്ളത്തിനായി 339.44 കോടി രൂപയുടെയും, 1 നഗരത്തിന് സ്വിവറേജ് പ്രോജക്ടിനായി 49.78 കോടി രൂപയുടെയും (ആകെ 425.79 കോടി രൂപ).അംഗീകാരം ലഭിച്ചിട്ടുണ്ട്. 2008-09-ൽ 8 നഗരങ്ങൾക്ക് ഖരമാലിന്യ സംസ്കരണത്തിന് 31.55 കോടി രൂപയുടെയും, 1 നഗരത്തിന് സ്റ്റോംവാട്ടർ ഡ്രെയിനേജ് പ്രോജക്ടിന് 5.42 കോടി രൂപയുടെയും (ആകെ 36.97 കോടി രൂപ) പദ്ധതികൾ ചെറുകിട ഇടത്തരം നഗരങ്ങളുടെ വികസനത്തിനായി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്.

.........5/-

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്ത് ജനസാന്ദ്രത കൂടുതലുള്ളതും ചെറുതുമായ നഗരങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിന് വ്യത്യസ്ത മായ മാനദണ്ഡങ്ങൾ സ്വീകരിക്ക ണമെന്ന് കേന്ദ്രത്തോടാവശ്യ പ്പെട്ടിട്ടുണ്ടോ; എങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ സമീപനം എന്താണെന്ന് വെളിപ്പെടുത്തുമോ? | സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിൽ കേരളം മാതൃകയാണെങ്കിലും, അടിസ്ഥാന സൗകര്യ വികസന പ്രോജക്റ്റുകളുടെ നടത്തിപ്പിൽ ഭൂമി അക്വയർ ചെയ്യുന്നതിലെ ബുദ്ധിമുട്ട് മൂലവും, ഭൂമി ലഭ്യമല്ലാത്തതിനാലും ഭൂമിക്ക് വളരെ കൂടുതൽ വിലയായതിനാലും കാല താമസം നേരിടുന്നുണ്ട് എന്ന് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. വൻകിട പ്രോജക്റ്റു കളുടെ ചെലവ്, നിർമ്മാണത്തിനിടെ വളരെ വർദ്ധിക്കുന്നതിനാൽ നിർവ്വഹണ കാലഘട്ടത്തിനിടയ്ക്കുണ്ടാകുന്ന വർദ്ധനവ് അനുവദിക്കണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 34 02.03 .2010 ൽ മറുപടിയ്ക്ക്

### ഗുണ്ടാ - മാഫിയ പ്രവർത്തനങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ടി. ജലീൽ :<br>ശ്രീമതി. പി. അയിഷാ പോറ്റി :<br>ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ. എം. ഹംസ:<br>ശ്രീ. എ. സി.മൊയ്തീൻ : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) |
| എ) സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമമനുസരിച്ച് ഗുണ്ടാ - മാഫിയാ പ്രവർത്തനങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | എ) ഈ സർക്കാർ അധികാരത്തിൽവന്നതിനു ശേഷം ഗുണ്ടാ - മാഫിയ പ്രവർത്തനങ്ങൾ നേരിടുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2007 - ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം അനുസരിച്ച് ഗുണ്ടാ - മാഫിയ പ്രവർത്തനങ്ങൾ അമർച്ചചെയ്യുന്നതിന് നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br><br>പ്രസ്തുത നിയമം നിലവിൽ വന്നതിനു ശേഷം നിരന്തരം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ടി നിയമത്തിൽ നിർവചിച്ചിരിക്കുന്ന പ്രകാരമുള്ള അറിയപ്പെടുന്ന ഗുണ്ടകളേയും അറിയപ്പെടുന്ന റൗഡികളേയും കുറിച്ചുള്ള വിവരം നിരന്തരം ജില്ലാ മജിസ്ട്രേറ്റുമാർക്ക് നല്കുകയും, യുക്തമായ കേസുകളിൽ ജില്ലാ മജിസ്ട്രേറ്റുമാർ ടി നിയമപ്രകാരം പുറപ്പെടുവിക്കുന്ന തടങ്കലുത്തരവിന്റെ അടിസ്ഥാനത്തിൽ അങ്ങനെയുള്ളവരെ തടങ്കലിൽ വയ്ക്കുകയും, സെക്ഷൻ 17 പ്രകാരം വാഹനങ്ങളും, മറ്റ് വസ്തുക്കളും പിടിച്ചെടുക്കുന്നതിനോടൊപ്പം സെക്ഷൻ 15 പ്രകാരം അറിയപ്പെടുന്ന ഗുണ്ടകളുടേയും അറിയപ്പെടുന്ന റൗഡികളുടേയും സഞ്ചലനം നിയന്ത്രിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

ബി) ഗുണ്ടാ നിയമം അനുസരിച്ച് ഇപ്പോൾ എത്ര ഗുണ്ടകൾ ജയിലുകളിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

ബി) സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം അനുസരിച്ച് ഇപ്പോൾ 124 ഗുണ്ടകൾ ജയിലുകളിൽ കഴിയുന്നു.

സി) ഗുണ്ടാലിസ്റ്റിലുള്ള എത്ര പേരെ ഇനിയും പിടികൂടാനുണ്ടെന്ന് അറിയിക്കുമോ ;

സി) ജില്ലാ കളക്ടർമാർ പുറപ്പെടുവിച്ചിട്ടുള്ള തടങ്കൽ ഉത്തരവുകൾ പ്രകാരം 72 പേരെ ഇനിയും പിടികൂടാനുണ്ട്. ഇതിൽ 11 പേർ വിവിധ കേസുകളിൽ ഉൾപ്പെട്ട് ജയിലുകളിൽ കഴിഞ്ഞുവരുകയാണ്.

ഡി) ഗുണ്ടാപ്പട്ടിക പുതുക്കി പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

ഡി) ഗുണ്ടാലിസ്റ്റ് ഇപ്പോൾ നിലവിലില്ല. എന്നാൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവരും, ഗുണ്ടാ പ്രവർത്തനങ്ങൾ നടത്താൻ സാധ്യതയുള്ളവരും പോലീസ് നിരീക്ഷണത്തിലാണ്.

ഇ) ഗുണ്ടാനിയമമനുസരിച്ച് വിചാരണ കൂടാതെ ഒരാളെ തടങ്കലിൽ വയ്ക്കുന്നതിനുള്ള കാലയളവ് എത്രയാണ് ; ഇത് ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

ഇ) ആറുമാസത്തിൽ കൂടുതൽ വിചാരണകൂടാതെ കരുതൽ തടങ്കലിൽ വയ്ക്കാൻ ഇപ്പോൾ നിയമമില്ല. കാലാവധി കൂട്ടണമെന്ന നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്. എന്നാൽ അതിന്റെ നിയമസാധുതയും മറ്റു വിശദാംശങ്ങളും പഠിച്ചു വരുന്നതേയുള്ളൂ

എഫ്) ഗുണ്ടാ നിയമപ്രകാരം അറസ്റ്റു ചെയ്യപ്പെടുന്നവർക്കെതിരെയുള്ള കേസുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

എഫ്) ഇതു സംബന്ധിച്ച എല്ലാ കേസുകളിന്മേലും കാര്യക്ഷമമായി നടപടി സ്വീകരിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 35

02.03.2010-ൽ മറുപടിയ്ക്ക്

## ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വർക്കല കഹാർ :<br>ശ്രീ.കെ.സി. ജോസഫ്:<br>ശ്രീ. ജോർജ്ജ് മേഴ്സിയർ: | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും<br>വകുപ്പ് മന്ത്രി) |
| (എ) ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2009-10 സാമ്പത്തിക വർഷം കേരളത്തിന് അനുവദിച്ചത് എത്ര കോടി രൂപയാണ് എന്ന് വെളിപ്പെടുത്തുമോ ; | എ. | 2009-10 വർഷം കേരളത്തിന് കേന്ദ്ര വിഹിതമായി 286.53 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (ബി) 2010 ജനുവരി 31 വരെ ഓരോ ജില്ലയിലും എത്ര കോടി രൂപ വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ; | ബി. | ചെലവ് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. |
| (സി) തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; | സി. | ഉണ്ട്. |
| (ഡി) ഉണ്ടെങ്കിൽ എന്നാണ് സമർപ്പിച്ചതെന്നും അതിന്റെ വിശദാംശങ്ങൾ എന്തെല്ലാം എന്നും വെളിപ്പെടുത്തുമോ ? | ഡി. | 15-06-09-ലെ 209/പി.എസ്./എൽ.എസ്.ജി./09 നമ്പർ അർദ്ധഔദ്യോഗിക കത്ത് പ്രകാരം 38 പ്രവൃത്തികൾ കൂടി തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക-1-ൽ ഉൾപ്പെടുത്തണമെന്ന ആവശ്യം സംസ്ഥാനം മുന്നോട്ട് വച്ചിട്ടുണ്ട്. (വിശദാംശം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു) |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ് -

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.36 — 2.3.2010 ൽ മറുപടിയ്ക്ക്

## കേരള സംസ്ഥാന ഭാഗ്യക്കുറി പരിഷ്കാരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.പി.കുഞ്ഞുണ്ണി<br>ശ്രീ. ബാബു.എം.പാലിശ്ശേരി<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.ബി.രാഘവൻ<br>ശ്രീ.എസ്.രാജേന്ദ്രൻ | ഡോ.റ്റി .എം.തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ നടത്തിപ്പിൽ സർക്കാർ വരുത്തിയ പരിഷ്കാരങ്ങൾ എന്തെല്ലാമാണ്; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം താഴെപ്പറയുന്ന പരിഷ്കാരങ്ങൾ ഭാഗ്യക്കുറി വകുപ്പിൽ നടപ്പിലാക്കി<br>(1) അധികാര വികേന്ദ്രീകരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുതിയ ഭാഗ്യക്കുറികൾ തുടങ്ങുക, സമ്മാനഘടന പരിഷ്കരിക്കുക, പരസ്യങ്ങൾ നൽകുക എന്നിവ ഉൾപ്പെടെ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് വിപുലമായ അധികാരങ്ങൾ നൽകി.<br>(2) ജില്ലാ ഭാഗ്യക്കുറി ഓഫീസർമാർക്ക് പാസ്സാക്കാവുന്ന സമ്മാനത്തുകയുടെ പരിധി 5000 രൂപയിൽ നിന്ന് 1 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. ഭാഗ്യക്കുറി ഡെപ്യൂട്ടി ഡയറക്ടർക്ക് ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ 20 ലക്ഷം രൂപ വരെയും ഡയറക്ടർക്ക് 20 ലക്ഷം രൂപയ്ക്ക് മുകളിലുമുള്ള ക്ലെയിമുകൾ പാസ്സാക്കുന്നതിന് അനുമതി നൽകി.<br>(3) നവീകരണ പ്രക്രിയയുടെ ഭാഗമായി ടിക്കറ്റ് അച്ചടി, വിതരണം, സമ്മാനവിതരണം എന്നിവയിന്മേൽ ക്രിയാത്മകമായ പരിഷ്കാരം വരുത്തി. കടക്കുറ്റി സമ്പ്രദായം ഒഴിവാക്കാനായി ടിക്കറ്റുകളിൽ കൂടുതൽ സുരക്ഷാ ക്രമീകരണങ്ങളോടെ റാന്റം നമ്പറിങ്, ബാർ കോഡിങ് തുടങ്ങിയ സാങ്കേതിക വിദ്യകൾ വിജയകരമായി നടപ്പിലാക്കി. |

(4) ഭാഗ്യക്കുറി ടിക്കറ്റുകൾ രജിസ്റ്റേർഡ് ഏജന്റു മാർക്ക് ബാങ്ക് ഗ്യാരണ്ടി വ്യവസ്ഥയിൽ കടമായി നൽകുവാൻ വ്യവസ്ഥയുണ്ടാക്കി.

(5) കൂടുതൽ ഏജന്റുമാരെ ചേർക്കുന്നതിലേയ്ക്ക് ഏജൻസി ഫീസ് 400 രൂപയിൽ നിന്നും 200 രൂപയായും പുതുക്കൽ ഫീസ് 100 രൂപയിൽ നിന്നും 50 രൂപയായും കുറവ് ചെയ്തു. കാഷ്വൽ ഏജൻസി ഫീസ് 50 രൂപയാക്കി നിജപ്പെടുത്തി.

(6) കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ജീവനക്കാർക്ക് കെൽട്രോൺ, ഐ.എം.ജി. തുടങ്ങിയ സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലനം നൽകി.

(7) വിൽപന വർദ്ധിപ്പിക്കുന്നതിന് പരസ്യ പ്രചാരണ പരിപാടികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മൊത്തം വിറ്റു വരവിന്റെ 3% വരുന്ന തുക പരസ്യ ച്ചെലവിനത്തിൽ ഉപയോഗിക്കുന്നതിന് അനുമതി നൽകി.

(8) വകുപ്പിന്റെ കാതലായ പ്രവർത്തന ങ്ങളെല്ലാം കമ്പ്യൂട്ടർവൽക്കരിച്ചു. ഇതിനായി കെൽട്രോണിനെ മൊത്ത സേവന ദാതാവായി നിയമിക്കുകയും ലോട്ടറി ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (LIMS) വികസിപ്പിച്ചു കൊണ്ട് നടപ്പിലാക്കുകയും ചെയ്തു.

(9) വകുപ്പിന്റെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായി ഓഫീസ് നവീകരണത്തിന് 1,15,00,000/- രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുകയും 3 പുതിയ വാഹനങ്ങൾ അനുവദി ക്കുകയും ചെയ്തു.

(10) ജീവനക്കാരുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി ജില്ലാ ഭാഗ്യ ക്കുറി ആഫീസർമാർക്ക് വരെ മൊബൈൽ ഫോൺ കണക്ഷൻ അനുവദിക്കുകയും അവധി ദിവസങ്ങളിൽ ജോലി ചെയ്യുന്നതിന് ജീവനക്കാർക്ക് അധിക ദിന ബത്ത അനുവദിക്കുകയും ചെയ്തു.

(11) ടിക്കറ്റുകൾ അച്ചടിക്കുന്നതിന് സംവി ധാനം ഒരുക്കുന്നതിലേയ്ക്കായി **Kerala State Audio Visual And Reprographic Centre** ന് 3 കോടി രൂപ വായ്പയായി അനുവദിച്ചു.

| | |
|---|---|
| | (12) വകുപ്പിന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള വെബ്സൈറ്റ് കൂടുതൽ ആകർഷകവും പ്രയോജനപ്രദവുമാക്കുന്നതിന് സി-ഡിറ്റുമായി സഹകരിച്ച് നടപടി സ്വീകരിക്കുകയും നറുക്കെടുപ്പ് ഫലം ഉടൻ തന്നെ സൈറ്റിൽ ലഭ്യമാക്കുകയും ചെയ്യുന്നു.<br>(13) ഭാഗ്യക്കുറി വിൽപനക്കാരെക്കൂടി ഉൾപ്പെടുത്തി നിലവിലുണ്ടായിരുന്ന ലോട്ടറി ഏജന്റ്സ് ക്ഷേമനിധി ഫണ്ട് പുന:സംഘടിപ്പിച്ചു.<br>(14) തങ്കനാണയങ്ങൾ സമ്മാനമായി നൽകുന്നതുൾപ്പെടെയുള്ള പുതിയ ഭാഗ്യക്കുറികൾ നടത്തുന്നതിന് അനുമതി നൽകി. |
| (ബി) ഇതിന്റെ ഫലമായി ഭാഗ്യക്കുറി ഇനത്തിലുള്ള ലാഭം വർദ്ധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) വർദ്ധിച്ചിട്ടുണ്ട്. |
| (സി) ലോട്ടറി ഏജന്റ്സ് ക്ഷേമനിധിയിൽ ഇപ്പോൾ എത്ര അംഗങ്ങളാണുള്ളത്; ക്ഷേമനിധി മുഖേന ഇപ്പോൾ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത്; | (സി) ലോട്ടറി ഏജന്റ്സ് ക്ഷേമനിധിയിൽ ഇപ്പോൾ 7407 അംഗങ്ങളുണ്ട്. പെൻഷൻ, അംഗങ്ങൾക്ക് ചികിത്സ ധനസഹായം, അംഗങ്ങളുടെ മക്കൾക്ക് SSLC, TSLC,HSSC,VHSC എന്നീ വിഭാഗങ്ങളിൽ ആദ്യ മൂന്നു സ്ഥാനങ്ങൾക്ക് അർഹരായവർക്ക് വിദ്യാഭ്യാസ അവാർഡ്, പഠനത്തിനുള്ള സ്കോളർഷിപ്പ്, മരണാനന്തര ധന സഹായം, വിവാഹ ധന സഹായം, 1991 ലെ കേരള ലോട്ടറി ഏജന്റ് വെൽഫയർ ഫണ്ടിലെ അംഗത്വം അവസാനിപ്പിച്ച അംഗങ്ങൾക്ക് നിയമാനുസൃതമായി അർഹതപ്പെട്ട ആനുകൂല്യങ്ങളും നൽകി വരുന്നു. |
| (ഡി) അനധികൃത ലോട്ടറികൾക്കെതിരെയുള്ള കേസിൽ സുപ്രീം കോടതിയുടെ ഇടക്കാല വിധി വിശദമാക്കുമോ; | (ഡി) സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം ലോട്ടറി റെഗുലേഷൻ നിയമത്തിന്റെ ലംഘനത്തിന് FIR എടുത്ത് തുടരന്വേഷണം നടത്താവുന്നതാണെന്നും എന്നാൽ അറസ്റ്റ് മുതലായ തുടർ നടപടികൾ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സുപ്രീം കോടതിയുടെ ഇടക്കാല വിധിയുടെ പകർപ്പ് അനുബന്ധം "ബി" ആയി നൽകിയിരിക്കുന്നു. |
| (ഇ) സംസ്ഥാന സർക്കാർ ഓൺലൈൻ ലോട്ടറി നിരോധിച്ചതിനെതിരെ സുപ്രീംകോടതിയിൽ നിലവിലുള്ള കേസിന്റെ ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്തുമോ? | (ഇ) ഓൺലൈൻ ലോട്ടറി നിരോധനവുമായി ബന്ധപ്പെട്ട കേസുകൾ ബഹു.സുപ്രീം കോടതിയുടെ പരിഗണനയിലാണ്. |

Chandrika

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം : 37 | 02.03.2010- ൽ മറുപടിക്ക്.

## വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പോലീസ് ജാഗ്രതാ സമിതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. എ. അസീസ് | ശ്രീ. കോടിയേരി ബാലകൃഷ്ണൻ (ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുള്ള പോലീസ് ജാഗ്രതാ സമിതികളുടെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ; | : (എ) എല്ലാ ജില്ലകളിലെയും തെരഞ്ഞെടുത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജാഗ്രതാ സമിതികളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) പോലീസ് ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | : (ബി) സ്കൂൾ തലങ്ങളിൽ മീറ്റിംഗുകൾ സംഘടിപ്പിച്ച് കൗൺസിലിംഗ് നടത്തുക, പൊതുസ്ഥലങ്ങളിലും, യാത്രാവേളകളിലും മറ്റും പെൺകുട്ടികൾക്ക് നേരെയുണ്ടാകുന്ന അക്രമ പ്രവർത്തനങ്ങൾക്കെതിരെ അവരെ ബോധവതികളാക്കുന്നതിന് വേണ്ട ക്ലാസ്സുകൾ സംഘടിപ്പിക്കുക, അത്തരം പ്രവണതകൾ ദൂരീകരിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ കൈക്കൊള്ളുക, കുട്ടികൾക്ക് ആത്മവിശ്വാസം നൽകുന്ന കരാട്ടേ, തയ്ക്കൊണ്ട, കളരി തുടങ്ങിയ ഏതെങ്കിലും കായിക വിനോദങ്ങളിലുള്ള പരിശീലനം നൽകുക, |

(മറുപുറം)

വ്യക്തിത്വ വികസനം, വ്യക്തി ശുചിത്വം തുടങ്ങിയ കാര്യങ്ങളിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുക, പ്രയോജനമുള്ള ടി.വി. പ്രോഗ്രാമുകൾ എങ്ങനെ തെരഞ്ഞെടുക്കണം, മൊബൈൽ ഫോൺ ഉപയോഗം കൊണ്ടുള്ള അപകടങ്ങൾ എന്ത്, ഇന്റർനെറ്റ് ഉപയോഗത്തിലും മറ്റും പതിയിരിക്കുന്ന അപകടങ്ങൾ എന്തെല്ലാം എന്നിങ്ങനെയുള്ള വിഷയങ്ങളിൽ ക്ലാസ്സുകൾ നടത്തുക തുടങ്ങിയവയാണ് പോലീസ് ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങൾ.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 38

02.03.2010-ൽ മറുപടിയ്ക്ക്

## ദേശീയ തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ :<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ.കെ. ബാബു: | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ. | സംസ്ഥാനത്ത് ദേശീയ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയത് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി യായിരുന്നോയെന്ന് വ്യക്തമാക്കുമോ ; | എ. | തൊഴിൽ കാർഡുള്ള കുടുംബങ്ങൾക്ക് പ്രതി വർഷം 100 ദിവസം തൊഴിൽ ഉറപ്പു വരുത്തി കൊണ്ട് അവരുടെ അതിജീവന സുരക്ഷിതത്വം വർദ്ധിപ്പിക്കുക എന്നുള്ളതാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഉൽ പ്പാദന ക്ഷമത വർദ്ധിപ്പിക്കുക എന്നുള്ളത് പദ്ധതിയുടെ അനുബന്ധലക്ഷ്യത്തിൽപ്പെടുന്നു. |
| ബി | എങ്കിൽ ഈ പദ്ധതി നടപ്പാക്കിയതുകൊ ണ്ടുള്ള ഉൽപ്പാദനക്ഷമതാ വർദ്ധനവ് എത്രയാണ് ; | ബി. | 2841.24 ഹെക്ടർ തരിശു നിലം തൊഴിലുറപ്പ് പദ്ധതിയിൽ കൃഷിയോഗ്യമാക്കി ഈ വർഷം നെൽകൃഷി ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമേ മണ്ണ്-ജലസംരക്ഷണത്തിന് ഊന്നൽ നൽകി കൊണ്ട് കനാലുകളുടെ പുനരുദ്ധാരണം, ജലസേ ചന പദ്ധതികൾ, പരമ്പരാഗത ജല സ്രോതസ്സുക ളുടെ പുന:രുദ്ധാരണം, ഭൂവികസന പ്രവർത്തന ങ്ങൾ എന്നിവയിൽപ്പെടുത്തി 97,056 പ്രോജക്റ്റു കൾ നടപ്പാക്കിയിട്ടുണ്ട്. ഈ പ്രവൃത്തികളിലൂടെ യുള്ള ഉൽപ്പാദനക്ഷമതാ വർദ്ധനവ് തിട്ടപ്പെടു ത്തിയിട്ടില്ല. |
| സി. | തൊഴിലുറപ്പ് പദ്ധതിയിലേയ്ക്ക് കൂടു തൽ പേരെ ആകർഷിക്കുവാൻ കഴിയാ ത്തതെന്തുകൊണ്ടാണെന്ന് വിശദമാ ക്കുമോ ? | സി. | നാട്ടിൽ ലഭിയ്ക്കുന്ന കൂലി നിരക്കിൽ നിന്നും വളരെ കുറഞ്ഞ കൂലിയായ 125 രൂപയാണ് ഒരു ദിവസം തൊഴിലുറപ്പു പദ്ധതിയിൽ കൂലിയായി നൽകുവാൻ വ്യവസ്ഥയുള്ളത്. അനാകർഷക മായ കൂലി നിരക്കുമൂലമാണ് മഹാത്മഗാന്ധി എൻ.ആർ.ഇ.ജി.എ.-യിൽ പണിയെടുക്കുവാൻ കൂടുതൽ പേർ സന്നദ്ധരാകാത്തത്. എന്നിട്ടും 7.86 ലക്ഷം കുടുംബങ്ങൾ തൊഴിലുറപ്പു പദ്ധതി യിൽ ഈ വർഷം പങ്കാളികളായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 39

02.03.2010-ൽ മറുപടിയ്ക്ക്

മറൈൻ ഫിഷറീസ് (റെഗുലേഷൻ ആന്റ് മാനേജ്മെന്റ്) ബിൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എം. ദിനേശ് മണി<br>ശ്രീ.കെ.വി. അബ്ദുൽ ഖാദർ<br>ശ്രീ.പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ. പി. വിശ്വൻ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) ആഴക്കടൽ മത്സ്യബന്ധനത്തിന് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ തയ്യാറാക്കിയ മറൈൻ ഫിഷറീസ് (റെഗുലേഷൻ ആന്റ് മാനേജ്മെന്റ്) ആക്ടിന്റെ കരട് രൂപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. എന്നാൽ അത് ആഴക്കടൽ മത്സ്യബന്ധനത്തിനായി വിദേശ/സ്വദേശ വൻകിട കമ്പനികൾക്ക് തുറന്നു കൊടുക്കുകയാണ് ചെയ്യുന്നത്. |
| ബി) എങ്കിൽ ഈ നിയമം സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുമോ എന്ന് വ്യക്തമാക്കുമോ; | ബി) കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട സമുദ്ര മത്സ്യബന്ധന (നിയന്ത്രണവും പരിപാലനവും) നിയമം, 2009 രാജ്യ സുരക്ഷയുടെ പേരു പറഞ്ഞ് സംസ്ഥാനത്തിന്റെ അധികാര അവകാശങ്ങളിലേയ്ക്കും അതുവഴി മത്സ്യത്തൊഴിലാളികളുടെ ഉപജീവന സുരക്ഷയിലേക്കും കടന്നു കയറ്റം നടത്തുന്നു. ഇതിലെ വ്യവസ്ഥകൾ പ്രകാരം വിദേശ മത്സ്യബന്ധന കപ്പലുകൾക്ക് കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ടെറിട്ടോറിയൽ കടൽ ഉൾപ്പെടെയുള്ള ഇന്ത്യൻ സമുദ്ര മേഖലയിൽ പ്രവേശിച്ച് നിയമാനുസൃതമായി തന്നെ മത്സ്യബന്ധനം നടത്തുന്നതിനു കഴിയും. ഇത്തരം ഒരു സ്ഥിതിവിശേഷം കേരളത്തിന്റെ തീരദേശ മേഖലയിൽ ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനും പരമ്പരാഗത മത്സ്യത്തൊഴിലാളികളും ആഴക്കടൽ കപ്പൽ ഉടമകളും തമ്മിൽ സംഘർഷങ്ങൾ ഉണ്ടാവുന്നതിനും ഇടയാകും. വലിയ ആഴക്കടൽ കപ്പലുകളുടെ കടന്നുകയറ്റം മത്സ്യത്തൊഴിലാളികളുടെ ഉപജീവന മാർഗ്ഗങ്ങളുടെ നേരെ വെല്ലുവിളി ഉയർത്തുകയും മത്സ്യസമ്പത്തിന്റെ ചൂഷണത്തിന് ഇടയാക്കുകയും ചെയ്യും.<br><br>വിദേശ മത്സ്യബന്ധന കപ്പലുകൾക്ക് ഇന്ത്യയുടെ സമുദ്ര മേഖലയിൽ ഗവേഷണം നടത്തുന്നതിനോ, പര്യവേക്ഷണം നടത്തുന്നതിനോ, പരീക്ഷണാർത്ഥം മത്സ്യബ |

ന്ധനം നടത്തുന്നതിനോ പെർമിറ്റ് നൽകാമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇത് രാജ്യ സുരക്ഷയ്ക്കും ഇന്ത്യയുടെ ദേശീയ താൽപര്യങ്ങൾക്കും എതിരാണ്. നിർദ്ദിഷ്ട നിയമത്തിലെ വകുപ്പ് 28 (2) പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കാൻ കേന്ദ്ര സർക്കാരിന് അധികാരമുണ്ട്. വിവിധ സമുദ്ര മേഖലകളിൽ (ടെറിട്ടോറിയൽ ഉൾപ്പെടെ) മത്സ്യബന്ധനം നടത്താനുള്ള അനുവാദം നല്കാനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുക, യാനങ്ങളുടെ സ്പെസിഫിക്കേഷൻ നിശ്ചയിക്കുക, പെർമിറ്റ് നൽകാനുള്ള നടപടിക്രമങ്ങൾ നിശ്ചയിക്കുക തുടങ്ങിയ അധികാരം കൂടി കേന്ദ്രം കവർന്നെടുക്കുകയാണ്. ഇത് തികച്ചും സംസ്ഥാനത്തിന്റെ ഭരണഘടനാപരമായ അധികാരത്തിലുള്ള കടന്നുകയറ്റമാണ്.

ആരാണ് മത്സ്യത്തൊഴിലാളി എന്ന് ഈ നിയമത്തിൽ നിർവ്വചിക്കുന്നില്ല. ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ എന്ന് നിർവ്വചിക്കുന്നിടത്ത് സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിലുള്ള ടെറിട്ടോറിയൽ കടലിൽ ഉൾപ്പെടെ ബാധകമാവുന്ന മാനേജ്മെന്റ് പ്ലാൻ കേന്ദ്രം പ്രഖ്യാപിക്കുമെന്നാണ് പറയുന്നത്.

നിർദ്ദിഷ്ട കേന്ദ്ര നിയമത്തിൽ മത്സ്യത്തൊഴിലാളികളെയോ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെയോ ആഴക്കടൽ മത്സ്യബന്ധനത്തിൽ പങ്കാളികളാക്കുന്ന വ്യവസ്ഥകളൊന്നും ഉൾച്ചേർത്തിട്ടില്ല.

സി) സംസ്ഥാനങ്ങളുടെ തീരക്കടലിൽ ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുവാൻ സംസ്ഥാനങ്ങൾക്കുള്ള അവകാശം നിലനിർത്തുന്നതിനും പുതിയ നിയമം മത്സ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ടുണ്ടാക്കാതിരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

സി) ഫിഷറി മാനേജ്മെന്റ് സംബന്ധിച്ച് സംസ്ഥാന സർക്കാരിനുള്ള അവകാശം നിലനിർത്തുന്നതിന് ആവശ്യമായ ഭേദഗതികൾ നിർദ്ദിഷ്ട മറൈൻ ഫിഷറീസ് (റെഗുലേഷൻ ആന്റ് മാനേജ്മെന്റ്) ആക്ടിൽ വരുത്തുന്നതിനും അല്ലാത്ത പക്ഷം നിർദ്ദിഷ്ട നിയമം പിൻവലിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്.

Sreeja Kumari [signature]
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 40 — 02.03.2010-ൽ മറുപടിക്ക്

ഗ്രാമീണറോഡുകളുടെ പുനരുദ്ധാരണത്തിനായുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എം. മോനായി<br>ശ്രീ കെ. വി. കുഞ്ഞിരാമൻ<br>ശ്രീമതി കെ. കെ. ലതിക<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീമതി കെ. എസ്. സലീഖ | ശ്രീ പാലോളി മുഹമ്മദുകുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി) |
| (എ) ഗ്രാമീണറോഡുകളുടെ പുനരുദ്ധാരണത്തിനായി സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (എ) ഉണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തി സഞ്ചാരയോഗ്യമാക്കുന്നതിന് ഒരു റോഡ് പുനരുദ്ധാരണ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് 15.1.2010-ലെ സ.ഉ (എം.എസ്) 11/2010/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കുഴികൾ നികത്തുക, തകർന്ന പാർശ്വഭാഗം പൂർവ്വസ്ഥിതിയിലാക്കുക മുതലായ അറ്റകുറ്റപ്പണികൾ, റീ ടാറിംഗ് പ്രവർത്തികൾ, നിലവിലുള്ള മെറ്റൽ റോഡുകളുടെ ടാറിംഗ് പ്രവർത്തികൾ എന്നിവയാണ് ഈ പദ്ധതി പ്രകാരം ഏറ്റെടുക്കാവുന്നത്. ഈ പദ്ധതി പ്രകാരം ഓരോ തലത്തിലേയും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അറ്റകുറ്റപ്പണി നടത്താവുന്ന റോഡുകൾ താഴെ പറയുന്നവയാണ്. |

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 40 02.03.2010-ൽ മറുപടിക്ക്

ഗ്രാമീണറോഡുകളുടെ പുനരുദ്ധാരണത്തിനായുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. എം. മോനായി<br>ശ്രീ. കെ. വി. കുഞ്ഞിരാമൻ<br>ശ്രീമതി കെ. കെ. ലതിക<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീമതി കെ. എസ്. സലീഖ | ശ്രീ. പാലോളി മുഹമ്മദുകുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി) |
| (എ) ഗ്രാമീണറോഡുകളുടെ പുനരുദ്ധാരണത്തിനായി സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (എ) ഉണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തി സഞ്ചാരയോഗ്യമാക്കുന്നതിന് ഒരു റോഡ് പുനരുദ്ധാരണ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് 15.1.2010-ലെ സ.ഉ (എം.എസ്) 11/2010/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കുഴികൾ നികത്തുക, തകർന്ന ഭാഗം പൂർവ്വസ്ഥിതിയിലാക്കുക മുതലായ അറ്റകുറ്റപ്പണികൾ, റീ ടാറിംഗ് പ്രവർത്തികൾ, നിലവിലുള്ള മെറ്റൽ റോഡുകളുടെ ടാറിംഗ് പ്രവർത്തികൾ എന്നിവയാണ് ഈ പദ്ധതി പ്രകാരം ഏറ്റെടുക്കാവുന്നത്. ഈ പദ്ധതി പ്രകാരം ഓരോ തലത്തിലേയും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അറ്റകുറ്റപ്പണി നടത്താവുന്ന റോഡുകൾ താഴെ പറയുന്നവയാണ്. |

1. ജില്ലാ പഞ്ചായത്തുകൾ:- മറ്റ് ജില്ലാ റോഡുകൾ, പൊതുമരാമത്ത് വകുപ്പ്, മറ്റേതെങ്കിലും റോഡുകൾ ജില്ലാ പഞ്ചായത്തിന് കൈമാറ്റം ചെയ്തിട്ടുണ്ടെങ്കിൽ ആ റോഡുകൾ എന്നിവ. മേജർ ജില്ലാ റോഡുകളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് പട്ടികപ്പെടുത്തിയിട്ടുള്ള മറ്റ് ജില്ലാ റോഡുകളിൽ പൊതുമരാമത്ത് വകുപ്പ് നടപ്പ് വർഷം പ്രവൃത്തികൾ നിർദ്ദേശിച്ചിട്ടില്ലാത്ത റോഡുകളുടെ അറ്റകുറ്റപ്പണികളും ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

2. ബ്ലോക്ക് പഞ്ചായത്തുകൾ:- കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം റോഡുകളുടെ പരിപാലന ചുമതല ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകിയിട്ടില്ലെങ്കിലും എം.എൽ.എ റോഡുകളുടേയും 1995 ന് ശേഷം പദ്ധതി വിഹിതം/വികസന ഫണ്ട് , ഗ്രാമീണ പശ്ചാത്തല വികസന ഫണ്ട് (ആർ.ഐ.ഡി.എഫ്), സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ) എന്നീ ഫണ്ടുകൾ വിനിയോഗിച്ച് ബ്ലോക്ക് പഞ്ചായത്തുകൾ നിർമ്മിച്ച റോഡുകളുടേയും അറ്റകുറ്റപ്പണി ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

3. ഗ്രാമപഞ്ചായത്തുകൾ:- ഗ്രാമീണ റോഡുകൾ.

4. നഗരസഭകൾ:- നഗരസഭകളുടെ അധീനതയിലുള്ള റോഡുകൾ

(ബി) എത്ര കോടി രൂപയുടെ പണികളാണ് ഈ പദ്ധതിപ്രകാരം നടത്തുന്നത്;

ബി) 2009-2010, 2010-2011 വർഷങ്ങളിലെ വിഹിതം സമന്വയിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. ചുവടെ പ്രതിപാദിക്കുന്ന സ്രോതസ്സുകളിലൂടെ ലഭ്യമാകുന്ന ഏകദേശം 1250 കോടി രൂപയോളം പ്രതീക്ഷിക്കുന്ന വിഹിതം ഈ പദ്ധതിക്കായി വിനിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിന് പുറമെ കുറവുള്ള തുകയുടെ കണക്കുകൾ സംസ്ഥാനതലത്തിൽ ക്രോഡീകരിച്ചതിന് ശേഷം അതിന്റെ ഒരു ഭാഗം സർക്കാർ അനുവദിച്ചു നൽകുന്നതാണ്.

1. 2009-2010-ലെ റോഡ് മെയിന്റനൻസ് ഫണ്ട്
2. 2009-2010-ലെ ബജറ്റിന്റെ അനുബന്ധം IV പ്രകാരം അനുവദിച്ചിട്ടുള്ള പൊതുവിഭാഗം വികസന ഫണ്ടിൽ നിന്ന് ഉൽപ്പാദനമേഖലയിൽ നിർബന്ധമായും വകയിരുത്തേണ്ട 40 % വിഹിതത്തിൽ നിന്നും 30% മായി കുറവ് ചെയ്ത് കണ്ടെത്തുന്ന തുക

3. 2009 -10 - വാർഷിക പദ്ധതിയിലെ പൊതുവിഭാഗം വികസന ഫണ്ടിന്റെ പശ്ചാത്തല മേഖലാ വിഹിതം
4. 2009-10 ബജറ്റിൽ അനുബന്ധം IV പ്രകാരം അനുവദിച്ചിട്ടുള്ള റോഡിതര മെയിന്റനൻസ് ഫണ്ടിന്റെ 20%.

5. 2010-11-ൽ ലഭിക്കാവുന്ന റോഡ് മെയിന്റനൻസ് ഫണ്ട്
6. 2010-11-ൽ പൊതുവിഭാഗം വികസന

| | |
|---|---|
| | ഫണ്ടിന്റെ പഞ്ചായത്തുതല മേഖലാ വിഹിതം.<br>7. തനത് / ജനറൽ പർപ്പസ് ഫണ്ട് വിഹിതം. |
| (സി) തദ്ദേശസ്ഥാപനങ്ങളുടെ ചുമതലയിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (സി) ഈ പദ്ധതി നടപ്പാക്കുന്നതിന്റെ ആദ്യഘട്ടമായി എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്തുകളും നഗരസഭകളും തങ്ങളുടെ അധീനതയിലുള്ള റോഡുകളിൽ അറ്റകുറ്റപ്പണി ആവശ്യമായ റോഡുകളുടെ വിശദാംശങ്ങൾ നിശ്ചിത ഫോറത്തിൽ തയ്യാറാക്കണം. ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന റോഡുകളുടെ പട്ടികയിൽ നിന്ന് അറ്റകുറ്റ പണി നടത്തുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്ന റോഡുകൾ ഏതൊക്കെയെന്ന് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് നിശ്ചയിക്കണം. അവശേഷിക്കുന്ന റോഡുകളിൽ നിന്നും ഗ്രാമപഞ്ചായത്ത് തലത്തിൽ ലഭ്യമായ വിഹിതത്തിന് അനുസൃതമായി റോഡുകൾ തെരഞ്ഞെടുത്ത് ഗ്രാമപഞ്ചായത്തുകൾ പദ്ധതി തയ്യാറാക്കണം. ജില്ലാ പഞ്ചായത്തുകളും നഗരസഭകളും അവർ തയ്യാറാക്കുന്ന പട്ടികയിൽ നിന്ന് അവർക്ക് ലഭ്യമായ വിഹിതത്തിന് അനുസൃതമായി അറ്റകുറ്റപ്പണി നടത്താൻ കഴിയുന്ന റോഡുകൾ തെരഞ്ഞെടുത്ത് പദ്ധതി തയ്യാറാക്കണം. തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ഫണ്ട് ലഭ്യമല്ലാത്തത് കാരണം ഏറ്റെടുക്കാൻ കഴിയാത്ത റോഡുകളുടെ വിശദാംശങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിച്ചതിന് ശേഷം നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തീരുമാനങ്ങൾ എടുക്കുന്നതാണ്. |
| (ഡി) കാലവർഷക്കെടുതി പരിഹരിക്കുന്നതിനുള്ള ഫണ്ട് ഉപയോഗിച്ചുള്ള | (ഡി) കാലവർഷക്കെടുതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പണികൾക്ക് ഭരണാനുമതി നൽകുന്ന റോഡ്പണികൾ പൂർത്തീകരിച്ചു |

റോഡ് പണികൾക്കായി ഈ വർഷം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; ഈ പണികൾ പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

ശേഷമാണ് പ്രസ്തുത പ്രവൃത്തികൾക്കുള്ള ഫണ്ട് അനുവദിക്കുന്നത്. ഈ ഇനത്തിൽ പൂർത്തീകരിച്ച റോഡ് പണികൾക്ക് നഷ്ടപരിഹാരമായി ഈ സാമ്പത്തിക വർഷം 49,65,00,000/-രൂപ വിവിധ ജില്ലകൾക്കായി അനുവദിച്ചിട്ടുണ്ട്. പൂർത്തീകരിക്കാത്ത പണികൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഇ) ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്:

1. തദ്ദേശ ഭരണ സ്ഥാപനങ്ങൾ:
   - ➤ പ്രവൃത്തിയുടെ നിർവ്വഹണം ആരംഭിക്കുന്നതിന് മുമ്പും പ്രവൃത്തി പുരോഗമിക്കുമ്പോഴും പൂർത്തിയാക്കിയതിന് ശേഷവും റോഡിന്റെ ഡിജിറ്റൽ ഫോട്ടോ എടുക്കുക
   - ➤ പണി സ്ഥലത്ത് പ്രവൃത്തിയുടെ വിശദവിവരങ്ങൾ (കോഡ്, അടങ്കൽ തുക, ആരംഭിച്ച തീയതി, പൂർത്തിയാക്കുന്ന തീയതി) പ്രദർശിപ്പിക്കുക

2. ജില്ലാ ആസൂത്രണ സമിതി
   - ➤ അംഗീകാരം നൽകിയ പ്രവൃത്തികളുടെ വിവരങ്ങൾ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുക

3. സംസ്ഥാന സർക്കാർ

- ജനകാര്യ, ഭക്ഷ്യ ഇൻസ്പെക്ടർമാർ മുഖേന റാൻഡം പരിശോധന നടത്തുക.
- സാങ്കേതിക സ്ഥാപനങ്ങൾ മുഖേന ശരിയായ മോണിറ്ററിംഗ് നടത്തുക.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം : 41 — 02.03.2010-ൽ മറുപടിക്ക്.

## പോലീസ് സേനയുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ<br>ശ്രീ. പി. ജയരാജൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. ജോർജ്ജ് എം. തോമസ്<br>ശ്രീ. വി. ശശികുമാർ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) പോലീസ് ആക്ട് പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | : (എ) പോലീസ് ആക്ട് പരിഷ്ക്കരിക്കുന്നതിനുള്ള കരട് ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) പോലീസ് സേനയെ നവീകരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത് എന്നറിയിക്കുമോ ; | : (ബി) പോലീസ് സേനയെ നവീകരിക്കുന്നതിന്റെ ഭാഗമായി 'കേരളാ പോലീസ് ആക്ട്' സമഗ്രമായി പരിഷ്ക്കരിക്കുന്നതുൾപ്പെടെ ചുവടെ പ്രതിപാദിച്ചിട്ടുള്ള നിർദ്ദേശങ്ങളും സർക്കാരിന്റെ പരിഗണനയിലുണ്ട്.<br>1) സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പോലീസ് സ്റ്റേഷനുകളെ സംയോജിപ്പിച്ച് ക്രൈം-ക്രിമിനൽ ട്രാക്കിംഗ് ആന്റ് നെറ്റ്‌വർക്കിംഗ് സിസ്റ്റംസ് എന്ന സ്കീമിൽ കൂടി ക്രിമിനലുകളെ ഇന്ത്യയിലെവിടെയും ട്രാക്ക് ചെയ്ത് കണ്ടുപിടിക്കുക . |

(മറുപുറം)

2) ദുരന്ത നിവാരണത്തിന് പോലീസ് സേനയെ സജ്ജമാക്കൽ.

3) സൈബർ ക്രൈമുകൾ അന്വേഷിക്കുന്നതിന് വേണ്ട സോഫ്ട് വെയറുകളും ഉപകരണങ്ങളും ലഭ്യമാക്കൽ.

4) കമ്പ്യൂട്ടർവൽക്കൃത ഉപകരണങ്ങളുടെ സോഫ്റ്റ്‌വെയർ, പരിശീലനം തുടങ്ങിയവയ്ക്കുള്ള പ്രത്യേക പദ്ധതികൾ.

5) പോലീസ് സേനാംഗങ്ങളുടെ ആരോഗ്യ പരിപാലനം.

6) പോലീസ് സ്റ്റേഷനുകൾ, യൂണിറ്റ് ഓഫീസുകൾ എന്നിവിടങ്ങളിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനും; അതുവഴി പോലീസിന്റെ പ്രതികരണ സമയം കുറയ്ക്കുന്നതിനുമുള്ള നടപടികൾ.

7) കുറ്റകൃത്യങ്ങൾ ശാസ്ത്രീയമായി തെളിയിക്കുന്നതിന് വേണ്ടുന്ന ആധുനിക ഉപകരണങ്ങൾ വാങ്ങുക.

8) കൊച്ചിനഗരത്തിന്റെ വികസനവുമായി ബന്ധപ്പെട്ട മെഗാസിറ്റി പോലീസിംഗ്.

9) സിറ്റി-റൂറൽ വിഭജനം

10) ക്രൈം ബ്രാഞ്ച് വിഭജനം.

11) ജനമൈത്രി പോലീസ്

12) കമ്മ്യൂണിറ്റി പോലീസിംഗ്

13) അന്വേഷണ ചുമതലയും ക്രമസമാധാനപാലനവും വിഭജിക്കുക.

(സി) കമ്മ്യൂണിറ്റി പോലീസിംഗ് സജീവമാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

: (സി) കമ്മ്യൂണിറ്റി പോലീസിംഗ്-ജനമൈത്രി സുരക്ഷാ പദ്ധതി സജീവമായിട്ടാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. പദ്ധതി കൂടുതൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടികൾ കൈക്കൊണ്ടുവരുന്നു.

(മറുപുറം)

| | | |
|---|---|---|
| (ഡി) പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | : | (ഡി) ഉണ്ട്.<br>2008-09 വർഷത്തിൽ പുതിയ 5 പോലീസ് സ്റ്റേഷനുകൾ അനുവദിക്കുമെന്ന് സർക്കാർ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നതനുസരിച്ച് തലയോലപ്പറമ്പ്, ന്യൂമാഹി എന്നീ പോലീസ് സ്റ്റേഷനുകളും, അതിനുവേണ്ട അംഗബലവും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ പുത്തൂർ (കൊല്ലം), ആലുവ വെസ്റ്റ് (എറണാകുളം) വിദ്യാനഗർ (കാസർഗോഡ്) എന്നിവിടങ്ങളിൽ പുതിയ പോലീസ് സ്റ്റേഷനുകളും, അതിനുവേണ്ട അംഗബലവും അനുവദിക്കാൻ തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ അത്യാവശ്യ സന്ദർഭങ്ങളിൽ സേവനം ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ഒരു ഐ.ആർ. ബറ്റാലിയന് രൂപം നൽകിയിട്ടുണ്ട്. |
| (ഇ) പോലീസ് സേനയിൽ സ്ത്രീകളുടെ അംഗബലം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | : | (ഇ) ഇതു സംബന്ധിച്ച ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. |

Bindu

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.42 02-03-2010- ൽ മറുപടിയ്ക്ക്

മത്സ്യകേരളം പദ്ധതി

ചോദ്യം

ശ്രീ. കെ.വി.അബ്ദുൾ ഖാദർ :
ശ്രീ.വി.എൻ.വാസവൻ :
ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി :
ശ്രീ.എ.എം.ആരിഫ് :
ശ്രീ.സി.എം.ദിനേശ് മണി :

മറുപടി

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെന്ന് വിശദമാക്കുമോ ; എത്ര പഞ്ചായത്തുകളിൽ ഇതിനകം 'മത്സ്യകേരളം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് ; | (എ) സംസ്ഥാനത്തെ മുഴുവൻ ഉൾനാടൻ ജലാശയങ്ങളിലും മത്സ്യകൃഷി നടപ്പിലാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള മത്സ്യകേരളം പദ്ധതി ഫിഷറീസ് വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായാണ് നടപ്പിലാക്കുന്നത്. മത്സ്യകേരളം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 2140 ഹെക്ടർ പ്രദേശത്ത് ചെമ്മീൻ കൃഷി നടപ്പിലാക്കി. 530 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങൾ ഗുണമേന്മ ഉറപ്പുവരുത്തി കർഷകർക്ക് വിതരണം ചെയ്തു. 802 കല്ലുമ്മേക്കായ കൃഷി യൂണിറ്റുകൾ ആരംഭിച്ചു. 12.25 ഹെക്ടർ പ്രദേശത്ത് കരിമീൻ കൃഷി നടപ്പിലാക്കി. ഇതിനായി 61250 കരിമീൻ കുഞ്ഞുങ്ങളെ വിതരണം ചെയ്തു. 2.75 ഹെക്ടറിൽ തിരുത കൃഷി വ്യാപിപ്പിച്ചു. 2,200 ടൺ ചെമ്മീനും 2395 ടൺ കല്ലുമ്മേക്കായയും 8 ടൺ കരിമീനും അധികമായി ഉല്പാദിപ്പിച്ചു. മത്സ്യകേരളം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ 3400 ഹെക്ടർ ശുദ്ധജല പ്രദേശങ്ങളിൽ 175 ലക്ഷം കാർപ്/ആറ്റുകൊഞ്ച് കുഞ്ഞുങ്ങളെ നിക്ഷേപിച്ചു. കർഷകരുടെ പങ്കാളിത്തത്തോടെ മത്സ്യവിത്ത് പരിപാലന യൂണിറ്റുകൾ ആരംഭിക്കുകയും പ്രാദേശികതലത്തിൽ വിത്തുല്പാദനം നടത്തുകയും ചെയ്തു. 2010 ഏപ്രിൽ മുതൽ വിളവെടുപ്പ് ആരംഭിക്കും. ഓരുജല മത്സ്യകൃഷിയുടെ രണ്ടാംഘട്ടമായി 3000 ഹെക്ടർ പ്രദേശങ്ങൾ ചെമ്മീൻ കൃഷി |

| | |
|---|---|
| | യിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനകം 1362 ഹെക്ടറിൽ 275 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെ വിതരണം ചെയ്തു. 292 കല്ലുമ്മേക്കായ കൃഷി യൂണിറ്റുകൾ ആരംഭിച്ചു. 4 ഹെക്ടറിൽ കരിമീൻ കൃഷി ആരംഭിച്ചു. മത്സ്യകേരളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ 4608 കർഷകർക്കും രണ്ടാംഘട്ടത്തിൽ 21973 കർഷകർക്കും ആനുകൂല്യം ലഭിക്കുകയുണ്ടായി. ഇതിനകം 739 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മത്സ്യകേരളം പദ്ധതി നടപ്പാക്കിയിട്ടുണ്ട്.<br>കൂടാതെ ജലസംഭരണികളിലെ മത്സ്യകൃഷി, രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം നടപ്പാക്കുന്ന മത്സ്യ/ചെമ്മീൻ കൃഷി, സാമൂഹിക മത്സ്യകൃഷി, കൂടുകളിലെ മത്സ്യകൃഷി, സീറാഞ്ചിംഗ് പദ്ധതി, അഡാക്ക് വഴി നടപ്പാക്കുന്ന കോൾനിലങ്ങളിലെ ആറ്റുകൊഞ്ച് കൃഷി, ഒരു നെല്ലും ഒരു മീനും പദ്ധതി എന്നിവയുൾപ്പെടെ ഒട്ടേറെ പദ്ധതികൾ ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതായി നടപ്പിലാക്കുന്നുണ്ട്. |
| (ബി) മത്സ്യകേരളം പദ്ധതി പ്രകാരം മത്സ്യകർഷകർക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (ബി) ഉണ്ട്. മത്സ്യകേരളം പദ്ധതിയുടെ പ്രധാനപ്പെട്ട ആനുകൂല്യം സൗജന്യമായി ഗുണമേന്മയുള്ള മത്സ്യ/ചെമ്മീൻ വിത്ത് കർഷകർക്ക് നൽകുന്നു എന്നതാണ്. 2008-2009 - ൽ ഓരുജല ചെമ്മീൻ കൃഷിക്ക് കർഷകർക്ക് ഇൻപുട്ട് സബ്സിഡിയായി അനുവദിച്ചിരുന്നത് ഒരു ഹെക്ടറിന് 10000 രൂപയാണ്. അത് സർക്കാർ ഉത്തരവ് നം.76/2010/മതുവ തീയതി 25-01-2010 പ്രകാരം ഹെക്ടറിന് 20000 രൂപയായി ഉയർത്തി. ഇതിൽ ചെമ്മീൻ വിത്തിന് വേണ്ടിവരുന്ന തുക കഴിച്ച് ബാക്കി തുക തീറ്റയ്ക്കുള്ള ധനസഹായമായി ഉപയോഗിക്കാം. ചെമ്മീൻകൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിന് ഗുണഭോക്തൃ വിഹിതമായി നിശ്ചയിച്ചിട്ടുള്ള തുക ഇൻപുട്ട് സബ്സിഡിയിൽ നിന്നും കണ്ടെത്താനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്.<br>ശുദ്ധജല മത്സ്യകൃഷിക്ക് ഇൻപുട്ട് സബ്സിഡിയായി ആദ്യവർഷം നിശ്ചയിച്ചിരുന്ന ഒരു |

| | |
|---|---|
| | ഹെക്ടറിന് 5000 രൂപ എന്നത് 10000 രൂപയായി വർദ്ധിപ്പിച്ചു. മത്സ്യവിത്തിനുവേണ്ടിവരുന്ന തുക കഴിച്ചുള്ള തുക മത്സ്യത്തീറ്റയും/കൃഷി ഇൻഷ്വറൻസിനുള്ള ഗുണഭോക്തൃവിഹിതം കണ്ടെത്തുന്നതിനുമായും ഉപയോഗപ്പെടുത്താം. |
| (സി) ഈ വർഷം ഉൾനാടൻ മത്സ്യോല്പാദനത്തിൽ എന്തുമാത്രം വർദ്ധനവാണ് പ്രതീക്ഷിക്കുന്നത് ; | (സി) മത്സ്യകേരളം പദ്ധതി നടപ്പാക്കിയതിനെ തുടർന്ന് 2008-2009 - ൽ സംസ്ഥാനത്തെ ഉൾനാടൻ മത്സ്യോല്പാദനം 1.03 ലക്ഷം ടൺ ആയി വർദ്ധിച്ചു. 2009-2010 - ൽ ഇത് 1.25 ലക്ഷം ടണ്ണായി ഉയർത്തുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ഡി) എല്ലാ പഞ്ചായത്തുകളിലും പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) പഞ്ചായത്തുകൾ താല്പര്യപ്പെടുകയാണെങ്കിൽ ഇക്കാര്യത്തിൽ എല്ലാ സഹകരണവും ഫിഷറീസ് വകുപ്പ് നൽകുന്നതായിരിക്കും. |

(signature)

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 43 — 02/03/2010-ൽ മറുപടിക്ക്

### അനധികൃത ട്രാഫിക് ബോർഡുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.എൻ.പ്രതാപൻ.<br>ശ്രീ.പി.സി.വിഷ്ണുനാഥ്.<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ. | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) റോഡുകളിൽ ട്രാഫിക് ബോർഡ് വയ്ക്കുന്നതിനുള്ള അധികാരം ഏതെല്ലാം വകുപ്പുകൾക്കാണുള്ളത് എന്ന് വ്യക്തമാക്കുമോ; | എ) കേരളാ മോട്ടോർ വെഹിക്കിൾ റൂൾസ് പ്രകാരം റോഡുകളിൽ ട്രാഫിക് ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള അധികാരം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയ്ക്കാണുള്ളത്. ടി റൂൾസിലെ സെക്ഷൻ 342 (2) പ്രകാരം കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് തുടങ്ങിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇക്കാര്യത്തിൽ ചില അധികാരങ്ങളുണ്ട്. |
| ബി) പ്രസ്തുത വകുപ്പുകൾ അറിയാതെ ട്രാഫിക് ബോർഡുകൾ സ്ഥാപിക്കുന്നത് കുറ്റകരമാണോ; വ്യക്തമാക്കുമോ; | ബി) കേരളാ മോട്ടോർ വെഹിക്കിൾ ആക്റ്റ്, സെക്ഷൻ 179 (1) പ്രകാരം കുറ്റകരമാണ്. |
| സി) അനധികൃത ട്രാഫിക് ബോർഡുകൾ സ്ഥാപിക്കുകയും അവയോട് ചേർത്ത് പരസ്യ ബോർഡുകൾ സ്ഥാപിക്കു | സി) യും (ഡി)യും<br>ഇത് സംബന്ധിച്ച് പത്രവാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | കയും ചെയ്യുന്നത്. ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | | |
| ഡി) | അനധികൃതമായി ട്രാഫിക് ബോർഡുകൾ സ്ഥാപിച്ച് പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നവർക്ക് വമ്പിച്ച വരുമാനം ലഭിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| ഇ) | അനധികൃത ട്രാഫിക് ബോർഡുകളും അവയോടനുബന്ധിച്ചുള്ള പരസ്യങ്ങളും നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | ഇ) | റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി, പൊതു മരാമത്ത്, റവന്യൂ തുടങ്ങിയ വകുപ്പുകൾ, കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/ പഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ദേശീയപാത അധികാരികൾ തുടങ്ങിയവരുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട</u>
<u>ചോദ്യം നമ്പർ: 44</u>

02.03. 2010-ൽ മറുപടിയ്ക്ക്

**മറൈൻ ഫിഷറീസ് (റഗുലേഷൻ ആന്റ് മാനേജ്മെന്റ്) ബിൽ പിൻവലിക്കണമെന്ന ആവശ്യം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ.ചന്ദ്രൻ<br>ശ്രീ.ബാബുപോൾ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ.പള്ളിപ്രം ബാലൻ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) നിർദ്ദിഷ്ട മറൈൻ ഫിഷറീസ് (റഗുലേഷൻ ആന്റ് മാനേജ്മെന്റ്) ബിൽ പിൻവലിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | എ) നിർദ്ദിഷ്ട തീരദേശ നിയന്ത്രണ പരിപാലന നിയമം പിൻവലിക്കണമെന്ന് കേന്ദ്ര സർക്കാർ ന്യൂഡൽഹിയിൽ വിളിച്ചുചേർത്ത തീര സംസ്ഥാനങ്ങളുടെ ഫിഷറീസ് മന്ത്രിമാരുടെ യോഗത്തിൽ കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) ഈ ബില്ലിൽ മത്സ്യമേഖലയ്ക്കും മത്സ്യത്തൊഴിലാളികൾക്കും ദോഷകരമായ എന്തെല്ലാം വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | ബി) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട സമുദ്ര മത്സ്യബന്ധന (നിയന്ത്രണവും പരിപാലനവും) നിയമം, 2009 രാജ്യ സുരക്ഷയുടെ പേരു പറഞ്ഞ് സംസ്ഥാനത്തിന്റെ അധികാര അവകാശങ്ങളിലേയ്ക്കും അത് വഴി മത്സ്യത്തൊഴിലാളികളുടെ ഉപജീവന സുരക്ഷയിലേയ്ക്കും കടന്നു കയറ്റം നടത്തുന്നു. നിർദ്ദിഷ്ട നിയമത്തിൽ സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിലുള്ള പന്ത്രണ്ട് നോട്ടിക്കൽ മൈൽ വരെയുള്ള തീര സമുദ്രമേഖലയും ഉൾപ്പെടുന്നു. ഇതിലെ വ്യവസ്ഥകൾ പ്രകാരം വിദേശ മത്സ്യബന്ധന കപ്പലുകൾക്ക് കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ടെറിട്ടോറിയൽ കടൽ ഉൾപ്പെടെയുള്ള ഇന്ത്യൻ സമുദ്ര മേഖലയിൽ പ്രവേശിച്ച് മത്സ്യബന്ധനം നടത്തുന്നതിനു കഴിയും. അത്തരം ഒരു സ്ഥിതി വിശേഷം കേരളത്തിന്റെ തീരദേശ മേഖലയിൽ ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനും പരമ്പരാഗത മത്സ്യത്തൊഴിലാളികളും ആഴക്കടൽ കപ്പൽ ഉടമകളും തമ്മിൽ സംഘർഷങ്ങൾ ഉണ്ടാവുന്നതിനും ഇടയാക്കും. വലിയ ആഴക്കടൽ കപ്പലുകളുടെ കടന്നുകയറ്റം മത്സ്യത്തൊഴിലാളികളുടെ ഉപജീവന മാർഗ്ഗങ്ങളുടെ നേരെ വെല്ലുവിളി ഉയർത്തുകയും മത്സ്യസമ്പത്തിന്റെ വൻശോഷണത്തിന് ഇടയാക്കുകയും ചെയ്യും.<br><br>വിദേശ മത്സ്യബന്ധന കപ്പലുകൾക്ക് ഇന്ത്യയുടെ സമുദ്രാതിർത്തിയിൽ ഗവേഷണം നടത്തുന്നതിനോ, പര്യവേഷണം നടത്തുന്നതിനോ പരീക്ഷണാർത്ഥം മത്സ്യബന്ധനം നടത്തുന്നതിനോ പെർമിറ്റ് നൽകാമെന്ന് ഇതിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇത് |

രാജ്യസുരക്ഷയ്ക്കും ഇന്ത്യയുടെ ദേശീയ താൽപര്യങ്ങൾക്കും എതിരാണ്.

നിർദ്ദിഷ്ട നിയമത്തിലെ വകുപ്പ് 28(2) പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കാൻ കേന്ദ്ര സർക്കാരിന് അധികാരമുണ്ട്. വിവിധ സമുദ്ര മേഖലകളിൽ (ടെറിട്ടോറിയൽ ഉൾപ്പെടെ) മത്സ്യബന്ധനം നടത്തുന്നതിന് അനുവാദം നൽകാനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുക, യാനങ്ങളുടെ സ്പെസിഫിക്കേഷൻ നിശ്ചയിക്കുക, പെർമിറ്റ് നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ നിശ്ചയിക്കുക തുടങ്ങിയ അധികാരം കൂടി കേന്ദ്രം കവർന്നെടുക്കുകയാണ്. ഇത് തികച്ചും സംസ്ഥാനത്തിന്റെ ഭരണഘടനാപരമായ അധികാരത്തിന്മേലുള്ള കടന്നുകയറ്റമാണ്.

ആരാണ് മത്സ്യത്തൊഴിലാളി എന്ന് ഈ നിയമത്തിൽ എവിടെയും നിർവ്വചിച്ചിട്ടില്ല. 'ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ' എന്ന് നിർവ്വചിക്കുന്നിടത്ത് സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിലുള്ള ടെറിട്ടോറിയൽ കടലിൽ ഉൾപ്പെടെ ബാധകമാവുന്ന മാനേജ്മെന്റ് പ്ലാൻ കേന്ദ്രം പ്രഖ്യാപിക്കുമെന്നാണ് പറയുന്നത്. സംസ്ഥാനത്തിന്റെ അധികാരപരിധിയിലുള്ള കടലിൽ ഇത്തരം വികസന പരിപാലന പരിപാടികൾ തയ്യാറാക്കാനുള്ള അധികാരം സംസ്ഥാനത്തിന് തന്നെയായിരിക്കണം.

നിർദ്ദിഷ്ട കേന്ദ്ര നിയമത്തിൽ മത്സ്യത്തൊഴിലാളികളെയോ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെയോ ആഴക്കടൽ മത്സ്യബന്ധനത്തിൽ പങ്കാളികളാക്കുന്ന വ്യവസ്ഥകളൊന്നും ഉൾച്ചേർത്തിട്ടില്ല.

സി) മത്സ്യബന്ധനോപകരണങ്ങൾക്ക് പ്രവർത്തനാനുമതി നൽകുന്നത് സംബന്ധിച്ച് ഈ ബില്ലിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

വിദേശ മത്സ്യബന്ധന കപ്പലുകൾ ഉൾപ്പെടെയുള്ള മത്സ്യബന്ധന യാനങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ടെറിട്ടോറിയൽ കടൽ ഉൾപ്പെടെയുള്ള സമുദ്രാതിർത്തിയിൽ പ്രവേശിച്ച് മത്സ്യബന്ധനം നടത്തുന്നതിനുള്ള പെർമിറ്റ് നൽകാൻ കഴിയും. പെർമിറ്റ് എടുക്കുന്ന വിദേശ മത്സ്യബന്ധന കപ്പലുകൾക്ക് നമ്മുടെ ആഴക്കടലിൽ മീൻപിടിക്കുന്നതിന് അനുവാദം നൽകുന്ന വ്യവസ്ഥകൾ പുതിയ നിയമത്തിൽ അടങ്ങിയിട്ടുണ്ട്. കൂടാതെ വിദേശ മത്സ്യബന്ധന കപ്പലുകൾക്ക് ഇന്ത്യയുടെ സമുദ്രാതിർത്തിയിൽ ഗവേഷണം നടത്തുന്നതിനോ, പര്യവേഷണം നടത്തുന്നതിനോ പരീക്ഷണാർത്ഥം മത്സ്യബന്ധനം നടത്തുന്നതിനോ പെർമിറ്റ് നൽകാമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 45 — 02/03/2010-ൽ മറുപടിക്ക്

### റോഡ് സുരക്ഷയ്ക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.തിലോത്തമൻ.<br>ശ്രീ.എൻ.രാജൻ.<br>ശ്രീ.കെ.രാജു.<br>ശ്രീ.രാജാജി മാത്യു തോമസ്.<br>ശ്രീ.കെ.അജിത്. | ശ്രീ കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും<br>വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പ്രതിവർഷം റോഡപകടങ്ങളിൽ ശരാശരി എത്ര പേർ മരിക്കുന്നുണ്ട്; എത്ര പേർക്ക് പരിക്കേൽക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്ത് പ്രതിവർഷം റോഡപകടങ്ങളിൽ ശരാശരി (കഴിഞ്ഞ മൂന്നു വർഷത്തെ കണക്കുകൾ പ്രകാരം) 3817 പേർ മരിക്കുന്നുണ്ട്. പ്രതിവർഷം ശരാശരി (കഴിഞ്ഞ മൂന്നു വർഷത്തെ കണക്കുകൾ പ്രകാരം) 44519 പേർക്ക് പരിക്കേൽക്കുന്നുണ്ട്.<br>(മരണം : 2007-3778, 2008-3901, 2009-3773 പരിക്കേറ്റവർ: 2007 48246, 2008-43857 2009-41455) |

| | | | |
|---|---|---|---|
| സി) | റോഡ് സുരക്ഷാ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നതിനും ജനങ്ങളുടെ ബോധവൽക്കരണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | സി) | റോഡ് സുരക്ഷാ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നതിനും ജനങ്ങളുടെ ബോധവൽക്കരണത്തിനുമായി ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഡി) | ഹെൽമറ്റ് വേട്ടയുടെ മറവിൽ നടക്കുന്ന അഴിമതികൾ ഇല്ലാതാക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ? | ഡി) | ഹെൽമറ്റ് വേട്ടയുടെ മറവിൽ അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ-- പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.46 — 02-03-2010- ൽ മറുപടിയ്ക്ക്

**മത്സ്യസംസ്കരണ മേഖലയിലെ പ്രശ്നങ്ങൾ**

ചോദ്യം — മറുപടി

ശ്രീ. സി.കെ.സദാശിവൻ : — ശ്രീ. എസ്. ശർമ്മ

ശ്രീ.എ.പ്രദീപ് കുമാർ — (ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

ശ്രീ.എം.കെ.പുരുഷോത്തമൻ:

ശ്രീ. ആർ.സെൽവരാജ് :

ശ്രീ.പി.വിശ്വൻ :

| | |
|---|---|
| (എ) മത്സ്യസംസ്കരണ മേഖലയിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇവരുടെ ക്ഷേമത്തിനായി എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ ; | (ബി) ഇവരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും, ശുപാർശ സമർപ്പിക്കുന്നതിനുമായി അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള അഞ്ചംഗ വിദഗ്ദ്ധ സമിതിയെ 2-1-2009 - നു നിയോഗിക്കുകയുണ്ടായി. കമ്മിറ്റി ഇതു സംബന്ധിച്ച പഠനം പൂർത്തിയാക്കി വരുന്നു. കൊടിയ ചൂഷണത്തിന് വിധേയമായി ജീവിതം തള്ളിനീക്കുന്ന വനിതാ പീലിംഗ് തൊഴിലാളികൾക്ക് ചരിത്രത്തിൽ ആദ്യമായി ആളൊന്നിന് 2000 രൂപയുടെ സഹായധനം അനുവദിച്ചു. 13,370 വനിതാ പീലിംഗ് തൊഴിലാളികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമായി. 2.67 കോടി രൂപ ഈയിനത്തിൽ ചെലവഴിച്ചു. |
| (സി) യൂറോപ്യൻ യൂണിയന്റെ അംഗീകാരമുള്ള എത്രസംസ്കരണശാലകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട് ; | (സി) 62 സംസ്കരണശാലകൾ പ്രവർത്തിക്കുന്നുണ്ട്. |

| | |
|---|---|
| (ഡി) സംസ്കരണശാലകളുടെ സ്ഥാപിത ശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; | (ഡി) സംസ്കരണ ശാലകളുടെ സ്ഥാപിത ശേഷി പ്രതിദിനം 2215.6 മെട്രിക് ടൺ ആണ്. എന്നാൽ സ്ഥാപിത ശേഷിയുടെ .20% മാത്രമാണ് നിലവിൽ വിനിയോഗിക്കുന്നത്. അസംസ്കൃത വസ്തുവിന്റെ ലഭ്യതക്കുറവാണ് ഇതിന്റെ പ്രധാന കാരണം. സംസ്കരണ ശാലകളുടെ ലൈസൻസ്/രജിസ്ട്രേഷൻ, മറ്റു ഭരണപരമായ നിയന്ത്രണങ്ങൾ എന്നിവ കേന്ദ്ര വാണിജ്യ മന്ത്രാലയത്തിൻകീഴിലുള്ള എം.പി.ഇ.ഡി.എ. വഴിയാണ്. |
| (ഇ) ആഗോള സാമ്പത്തിക മാന്ദ്യം കേരളത്തിൽനിന്നുള്ള മത്സ്യകയറ്റുമതിയെ ബാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (ഇ) ആഗോള സാമ്പത്തിക മാന്ദ്യം കേരളത്തിൽനിന്നുള്ള മത്സ്യകയറ്റുമതിയെ ബാധിച്ചിട്ടില്ല. സമുദ്രോല്പന്ന കയറ്റുമതിയിൽ വർദ്ധനവ് ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2007-2008 -നെ അപേക്ഷിച്ചു 2008-2009 - ൽ കേരളത്തിൽനിന്നുള്ള സമുദ്രോല്പന്ന കയറ്റുമതി 0.49% വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. വിലയിൽ 9.74% വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 47

02.03.2010-ൽ മറുപടിയ്ക്ക്

## ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു എം. പാലിശ്ശേരി :<br>ശ്രീ.വി. ചെന്താമരാക്ഷൻ:<br>ശ്രീ.ബി.ഡി. ദേവസ്സി :<br>ശ്രീ. എം.ജെ. ജേക്കബ്:<br>ശ്രീ.കെ.കെ. ജയചന്ദ്രൻ : | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പണികൾ കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | എ. പുതിയ പ്രവൃത്തികൾ ഉൾപ്പെടുത്തിക്കൊണ്ട് തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക-1 ഭേദഗതി ചെയ്യണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരളം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ആവശ്യപ്പെട്ടിട്ടുള്ള 38 ഇനം പ്രവൃത്തികൾ അനുബന്ധം- I ആയി കൊടുത്തിരിക്കുന്നു. |
| ബി. സ്വകാര്യ ഭൂമിയിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പണികൾ നടത്തുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | ബി. ഉണ്ട്. ഗ്രാമവികസന കമ്മീഷണറുടെ 12-10-09-ലെ 22532/എൻ.ആർ.ഇ.ജി.സെൽ.2/09/സി.ആർ.ഡി. നമ്പർ സർക്കുലർ പ്രകാരം ഇത് സംബന്ധിച്ചുള്ള വിശദീകരണം നൽകിയിട്ടുണ്ട്. ആയത് അനുബന്ധം-II ആയി ചേർത്തിരിയ്ക്കുന്നു. |
| സി. തൊഴിൽ കാർഡ് നേടിയവർക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകാൻ ഊർജ്ജിത നടപടി സ്വീകരിക്കുമോ ; | സി. സ്വീകരിച്ചിട്ടുണ്ട്. ഇതിനായി തൊഴിലും വീടും ജനകീയ കാമ്പയിൻ നടത്തുകയും വാർഡ് അടിസ്ഥാനത്തിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുവാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ മന്ത്രി മേഖലാടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രസിഡണ്ട് മാരുടെയും സെക്രട്ടറിമാരുടെയും അവലോകന യോഗങ്ങൾ നടത്തുകയും പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |
| ഡി. തൊഴിലുറപ്പ് പദ്ധതിയുടെ ഈ വർഷത്തെ പ്രവർത്തനലക്ഷ്യം എത്രയാണ് ; അത് എത്ര മാത്രം കൈവരിച്ചു എന്ന് വെളിപ്പെടുത്തുമോ ? | ഡി. 2009-10 ലേയ്ക്ക് 674.30 കോടി രൂപയുടെ ലേബർ ബഡ്ജറ്റ് സംസ്ഥാനത്തെ പഞ്ചായത്തുകൾ തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര ഫണ്ടായി ഈ വർഷം 286.53 കോടി രൂപ ലഭിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതം ഉൾപ്പെടെ ഈ വർഷം ഇതുവരെ 328.29 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

# പന്ത്രണ്ടാം കേരളനിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.48. 02.03.2010-ൽ മറുപടിക്ക്

### ഡോ.എം.എ.ഉമ്മൻ കമ്മിറ്റി റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.ദിവാകരൻ<br>ശ്രീ.പി.കൃഷ്ണപ്രസാദ്<br>ശ്രീമതി.ജെ.അരുന്ധതി<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ.പാലൊളി മുഹമ്മദുകുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നടപ്പാക്കിയ അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണവും സംബന്ധിച്ച അനുഭവങ്ങൾ വിലയിരുത്തി ഡോ.എം.എ. ഉമ്മൻ കമ്മിറ്റി നൽകിയ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്; | (എ) | പ്രൊഫ.എം.എ.ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളുടെ സംഗ്രഹം പരിഭാഷപ്പെടുത്തി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസിദ്ധീകരണത്തിന്റെ കോപ്പി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിന് ഇതിനകം സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | ശുപാർശകൾ സംബന്ധിച്ച് ബന്ധപ്പെട്ട എല്ലാ വിഭാഗം ആൾക്കാരുമായി ചർച്ച ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി അക്കാദമിക് രംഗത്തെ പ്രഗത്ഭരായ വ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ട് 2009 ജൂലൈ 16-ന് തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ വച്ച് ഒരു ശില്പശാല സംഘടിപ്പിക്കുകയുണ്ടായി |

| | | | |
|---|---|---|---|
| (സി) | ജില്ലാ ആസൂത്രണ സമിതികളെ ശക്തിപ്പെടുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (സി) | ജില്ലാ ആസൂത്രണ സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലാ പ്ലാനിംഗ് ഓഫീസ്, ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസ് എന്നിവയെ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതിയുടെ സെക്രട്ടേറിയറ്റ് രൂപീകരിച്ചിട്ടുണ്ട് ജില്ലാ ആസൂത്രണ സമിതിയുടെ സുഗമമായ നടത്തിപ്പിന്, കൈമാറിയ മൂന്ന് ഓഫീസുകളെയും ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതിക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനമാനേജ്മെൻറ് കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | 1) വാർഷിക പദ്ധതി തയ്യാറാക്കൽ, പദ്ധതി പരിശോധന, പദ്ധതി അംഗീകാരം മുതലായ നടപടികൾ പൂർണ്ണമായും കമ്പ്യൂട്ടർവത്കരിച്ചു. 2) ഒരു വാർഷിക പദ്ധതിയിലെ ചെലവുകണക്കുകൾ അടുത്ത വർഷം മേയ് 31-നകം തന്നെ സമർപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ജൂൺ 1 മുതൽ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട് മുതലായവ തടഞ്ഞുവയ്ക്കുകയും ചെലവ് |

കണക്കുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് മാത്രം അവ അനുവദിക്കുന്നതുമായ രീതിയിൽ നടപടിക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട് വിശദമായ നിർദ്ദേശങ്ങൾ 17.02.2010-ലെ 39546/എഫ്.എം.1/ 2010/തനതുവ നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

3) ഗ്രാമപഞ്ചായത്തുകളിൽ ഒരു അക്കൗണ്ടന്റ് തസ്തിക പുതുതായി സൃഷ്ടിച്ചി ട്ടുണ്ട്.

സെക്ഷൻ ആഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 49</u>  02-03-2010-ന് വാങ്മൂലം മറുപടിയ്ക്ക്

### ബാലഭിക്ഷാടനം തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ഭിക്ഷാടനത്തിനായി മനുഷ്യക്കടത്ത് നടത്തുന്നവരെ കുറ്റവാളികളായി കണക്കാക്കണമെന്നും ഇങ്ങനെ സാമ്പത്തിക ലാഭം കൊയ്യുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നുമുള്ള ഹൈക്കോടതി പരാമർശം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | എ) ഉണ്ട് |
| ബി) ഇക്കാര്യത്തിൽ ആഭ്യന്തരവകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | ബി) ബാല ഭിക്ഷാടനം, ഭിക്ഷാടനത്തിനായി കുട്ടികളെ കടത്തിക്കൊണ്ടുപോകൽ, അനുബന്ധ പ്രവർത്തനങ്ങളിലൂടെ സാമ്പത്തിക ലാഭം ഉണ്ടാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ തടയാൻ മേല്പറഞ്ഞ കേസിലെ 3-ാം എതിർകക്ഷിയായ പോലീസ് ഡയറക്ടർ ജനറലിന് കോടതി നല്കിയ നിർദ്ദേശമനുസരിച്ച് പോലീസ് ഉദ്യോഗസ്ഥർക്ക് മാർഗ്ഗ നിർദ്ദേശം നൽകാനും കോടതി നല്കിയ സമയപരിധിയ്ക്കുള്ളിൽ നടപടി റിപ്പോർട്ട് സമർപ്പിയ്ക്കുവാനും സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. |
| സി) ഭിക്ഷാടനത്തിനായി കുട്ടികളെ ഉപയോഗിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ? | സി) സ്വീകരിച്ചിട്ടുണ്ട്. ബാല ഭിക്ഷാടനവും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും തടയുന്നതിന് നിഴൽ ജാഗ്രത (shadow vigil) ഉൾപ്പെടെ അതീവ ജാഗ്രത പാലിയ്ക്കാൻ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 60 — 2.3.2010 ൽ മറുപടിയ്ക്ക്

## പ്രവേശന നികുതി

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ്:<br>ശ്രീ. എം.ചന്ദ്രൻ :<br>ശ്രീ. കെ.വി.കുഞ്ഞിരാമൻ :<br>ശ്രീ. വി. എൻ.വാസവൻ :<br>ശ്രീ. സാജു പോൾ : | ഡോ. റ്റി. എം. തോമസ് ഐസക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ഉൽപന്നങ്ങൾക്ക് പ്രവേശന നികുതി ഏർപ്പെടുത്തുന്ന നിയമം ഹൈക്കോടതി അസാധുവാക്കിയതുമൂലം സംസ്ഥാനത്തിന് പ്രതിവർഷം എത്ര കോടി രൂപ നഷ്ടമുണ്ടാകുന്നു എന്ന് വ്യക്തമാക്കുമോ ; | (എ) പ്രവേശന നികുതി നിയമം നില നിന്നിരുന്ന മൂന്ന് വർഷങ്ങളിലെ പ്രവേശന നികുതി വരുമാനം ചുവടെ ചേർക്കുന്നു.<br>വർഷം — പ്രവേശന നികുതി<br>2003.04 — 72.68<br>2004.05 — 126.66<br>2005.06 — 189.73<br>2006.07 — 137.74 (ഡിസംബർവരെ)<br>ഈ കണക്ക് വച്ച് നോക്കുമ്പോൾ പ്രതിവർഷം ഏകദേശം 150 കോടി രൂപയുടെ നികുതി നഷ്ടം ഈ ഇനത്തിൽ മാത്രം സംഭവിക്കുന്നതായി കണക്കാക്കാം. |
| (ബി ഇപ്പോൾ ഏതെല്ലാം സംസ്ഥാനങ്ങളിലാണ് പ്രവേശന നികുതി സമ്പ്രദായം നിലവിലുള്ളത് ; | (ബി വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) പ്രവേശന നികുതി ഏർപ്പെടുത്തുന്നതിനുള്ള കരട് നിയമത്തിന് രാഷ്ട്രപതിയുടെ മുൻകൂർ അനുമതി നിഷേധിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള വിശദീകരണം എന്താണ് ; | (സി) ഉണ്ട്. ഇന്ത്യയിൽ പുതിയ നികുതി സമ്പ്രദായമായ ഉൽപ്പന്നസേവന നികുതി നടപ്പിൽ വരുന്ന സാഹചര്യം പരിഗണിച്ച് കേന്ദ്ര സർക്കാർ കരട് നിയമം മടക്കിയയച്ചു. |

| | |
|---|---|
| (ഡി) സംസ്ഥാനത്തിനുണ്ടാകുന്ന നികുതിചോർച്ച ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (ഡി) താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തേക്ക് കൊണ്ടു വരുന്ന ചരക്കുകളിൽ വ്യാപകമായി നികുതി വെട്ടിപ്പ് നടക്കുന്ന 11 ഇനങ്ങൾക്ക് മുൻകൂർ നികുതി ഏർപ്പെടുത്തി. **Form** 16 ഉപയോഗിച്ച് സ്വന്തം ആവശ്യത്തിന് ചരക്ക് കൊണ്ടു വരുന്നവർ ഈ ആനുകൂല്യം ദുരുപയോഗപ്പെടുത്തിയാൽ ഈ ഇനത്തിൽ അടക്കേണ്ട നികുതിയുടെ മൂന്നിരട്ടി പിഴ ചുമത്തുന്നതിന് കേരള മൂല്യവർദ്ധിത നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.51.

2/3/2010 -ൽ മറുപടിക്ക്

## കുടുംബശ്രീയുടെ പ്രവർത്തനം.

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി.കെ.കെ.ലതിക;<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ;<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി;<br>ശ്രീ.സി.കെ.പി.പത്മനാഭൻ;<br>ശ്രീമതി.പി.ആയിഷാപോറ്റി. | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ്<br>മന്ത്രി |
| (എ) കുടുംബശ്രീ മുഖേന ഇപ്പോൾ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത്; | (എ) | കുടുംബശ്രീമുഖേന നടപ്പിലാക്കുന്ന പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു. |
| (ബി) കുടുംബശ്രീയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (ബി) | ചുവടെ ചേർത്തിട്ടുള്ള മേഖലകളിലായി കുടുംബശ്രീ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്<br>1. സംഘടനാ സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ<br>2. തദ്ദേശഭരണ സ്ഥാപനങ്ങളുമായി മെച്ചപ്പെട്ട പ്രവർത്തന ഏകോപനം സാധ്യമാക്കുന്നതിനുള്ള നടപടികൾ<br>3. മെച്ചപ്പെട്ട നിരീക്ഷണ, വിലയിരുത്തൽ സംവിധാനം രൂപപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ<br>4. സാമ്പത്തിക ഉത്തരവാദിത്വവും, സുതാര്യതയും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ<br>5. സംഘടനാ തലത്തിൽ വിവര വ്യാപനം ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ<br>6. ബാങ്കുകളുമായുള്ള പ്രവർത്തന ഏകോപനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | 7. നൂതനമായ ജീവനോപാധി വികസന പരിപാടികൾ ആവിഷ്കരിക്കുന്നതിനും, നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ<br>8. സാമൂഹ്യ ശാക്തീകരണ പദ്ധതികളുടെ നിർവ്വഹണ ഗുണപരത ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>9. പദ്ധതി ഘടകങ്ങളുടെ കുറവുകളും, പോരായ്മകളും പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>10. വിവിധ വകുപ്പുകളുടെ പ്രവർത്തനവുമായുള്ള സംയോജനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ.<br>11. കുടുംബശ്രീ പ്രവർത്തനങ്ങളിൽ കൂടുതൽ സാങ്കേതിക വൈദഗ്ദ്ധ്യവും, മികവും കൊണ്ടുവരുന്നതിനുള്ള പ്രൊഫഷണൽ പിന്തുണ ലഭ്യമാക്കുന്നതിനുള്ള നടപടികൾ - വിശദാംശങ്ങൾ അനുബന്ധം 2 ൽ ചേർത്തിട്ടുണ്ട് |
| ി) | കുടുംബശ്രീ അംഗങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിന്. സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (സി) | കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കും, സംഘകൃഷി - ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകൾക്കും 4 ശതമാനം നിരക്കിൽ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള പലിശ സബ്സിഡി സ്കീമിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം ആരംഭഘട്ടത്തിലാണ്. പലിശ സബ്സിഡി സ്കീമിന്റെ പ്രധാന സവിശേഷതകളും, നിർവ്വഹണ വിശദാംശങ്ങളും അനുബന്ധം 3 ൽ ചേർത്തിട്ടുണ്ട്. |
| ഡി) | കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ഡി) | പ്രാദേശിക വിപണിയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന കുടുംബശ്രീ സംരംഭകരെ കൂടുതൽ മെച്ചപ്പെട്ട വിപണന സാധ്യതകളിലേക്ക് കൈപിടിച്ചുയർത്തുന്നതിനും |

കൂടുതൽ ഉയർന്ന നിലവാരത്തിലുള്ള വിപണി സാധ്യതകളുമായി ബന്ധപ്പെടുത്തുന്നതിനും വേണ്ടിയുള്ള നിരവധി പ്രവർത്തനങ്ങളാണ് കുടുംബശ്രീമിഷൻ നടത്തിവരുന്നത്. കുടുംബശ്രീ ഉൽപന്നങ്ങളുടെ മാസചന്ത, ബ്രാന്റിംഗ്, പാക്കിംഗ് പ്രവർത്തനങ്ങൾ, സീസണൽ ഫെയറുകൾ, മാർക്കറ്റ് സെന്ററുകൾ, എന്നിവ ഇതിന്റെ ഭാഗമായാണ് ആവിഷ്കരിച്ചിരിച്ചിട്ടുള്ളത്. സുദൃഢമായി മുൻ- പിൻ വിപണന ബന്ധങ്ങൾ, ക്രമീകരണങ്ങൾ ഉറപ്പാക്കിയാണ് കുടുംബശ്രീയുടെ സമഗ്ര പദ്ധതികൾ നടപ്പിലാക്കുന്നത്.

കുടുംബശ്രീയുടെ ഡയറക്ട് മാർക്കറ്റിംഗ് ശൃംഖലകൾ ശക്തിപ്പെടുത്തുന്നതിനും, ജനകീയ വിപണന ശൃംഖലാ സംവിധാനം രൂപീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്..

കുടുംബശ്രീ ഉൽപന്നങ്ങളുടെ ഫലപ്രദമായ മാർക്കറ്റിംഗ് മാനേജ്മെന്റ് പിന്തുണയ്ക്കായി മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരുടെ സേവന വിനിയോഗം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ കുടുംബശ്രീ ഉൽപന്നങ്ങളുടെ വിപണനത്തിനായി പ്രൊഡ്യൂസർ കമ്പനി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്.

) കുടുംബശ്രീ പ്രവർത്തനങ്ങളിൽ കൂടുതൽ സാങ്കേതിക വൈദഗ്ദ്ധ്യവും മികവും ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഇ) മുഴുവൻ കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനങ്ങൾക്കും ബാധകമാകുന്ന വിധത്തിൽ വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ നൂതനമായ ഒരു മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം രൂപപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തി

ലാണ്. കൂടുതൽ മികച്ച സാങ്കേതിക പരിജ്ഞാനവും, യോഗ്യതയുമുള്ള പ്രൊഫഷണൽ/ കൺസൾട്ടന്റ് മാരുടെ സേവനം കുടുംബശ്രീ പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തിവരുന്നുണ്ട്. കുടുംബശ്രീ ഉൽപന്നങ്ങളുടെ ബ്രാന്റിംഗ്, പാക്കിംഗ്, മാർക്കറ്റിംഗ്, ഉപ- ജീവന വികസന പദ്ധതികളുടെ ആവിഷ്കരണം തുടങ്ങിയ ഘടകങ്ങളിൽ ഈ കൺസൾട്ടന്റുമാരുടെ സേവനം ഗുണപരമായ മാറ്റങ്ങൾ വരുത്തുന്നുണ്ട്. കൂടാതെ IRMA, TISS, IIM, NIRD തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ സേവനവും അവരുടെ പഠന പ്രവർത്തനത്തിന്റെ ഭാഗമായി തന്നെ കുടുംബശ്രീ പദ്ധതികളിൽ പ്രയോജനപ്പെടുത്താറുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം-1

1) സാമ്പത്തിക ശാക്തീകരണ പദ്ധതികൾ

1. ലഘു സമ്പാദ്യ വായ്പാ പദ്ധതി.
2. പലിശ സബ്സിഡി പദ്ധതി
3. മാച്ചിംഗ് ഗ്രാന്റ് ,ബാങ്ക് ലിങ്കേജ്
4. ഭവനശ്രീ പദ്ധതി

2) സൂക്ഷ്മ സ്വയം തൊഴിൽ വികസന പദ്ധതികൾ

1. സൂക്ഷ്മ സ്വയം തൊഴിൽ പരിപാടി
2. യുവശ്രീ പദ്ധതി
3. ഇന്നവേഷൻ, ടെക്നോളജി ഫണ്ട്
4. റിവോൾവിംഗ് ഫണ്ട്
5. ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്
6. യൂണിറ്റുകളുടെ ക്ലസ്റ്ററിംഗും, നെറ്റ് വർക്കിംഗും
7. സാന്ത്വനം പദ്ധതി

3) പ്രാദേശിക സാമ്പത്തിക വികസന പരിപാടികൾ

1. സ്പെഷ്യൽ ലൈവിലിഹുഡ് പ്രോഗ്രാം
2. ഉത്തരവാദിത്വ ടൂറിസം
3. സീറോ വേസ്റ്റ് ഡെസ്റ്റിനേഷൻ
4. സമഗ്ര പദ്ധതികൾ
    a) നേന്ത്രൻ
    b) ഹരിതശ്രീ
    c) ക്ഷീരശ്രീ
    d) നെടുമ്പന മിനി അപ്പാരൽ പാർക്ക്
    e) മധുരം
    f) അലങ്കാര മത്സ്യം വളർത്തൽ
    g) ക്ഷീരസാഗരം
    h) തിരുമധുരം
    i) ഹരിതം
    j) നിവേദ്യം
    k) കൊണ്ടാട്ടം
    l) ചെരുപ്പ് അപ്പർ നിർമ്മാണം
    m) ആട് ഗ്രാമം
    n) സഫലം
6. സംഘകൃഷി
7. മാസചന്ത
8. ഫിനിഷിംഗ് സ്കൂൾ

4) സാമൂഹ്യ ശാക്തീകരണ പദ്ധതികൾ

1. ആശ്രയ
2. ബഡ്സ് സ്പെഷ്യൽ സ്കൂൾ
3. ബാലസഭ, ബാലപഞ്ചായത്ത്, ഹോളിസ്റ്റിക്ക് ഹെൽത്ത് പ്രോഗ്രാം
4. സ്ത്രീ പദവി സ്വയം പഠന പ്രവർത്തനങ്ങൾ
5. സോഷ്യൽ ആഡിറ്റിംഗ് പ്രവർത്തനങ്ങൾ
6. പട്ടിക ജാതി / പട്ടിക വർഗ്ഗ വികസനത്തിനുള്ള സ്പെഷ്യൽ പ്രോജക്ട്
7. എൻആർഇജി – എസ്ടി അംഗങ്ങളുടെ അഡ്വാൻസ് വേതന വിതരണം

5) സംഘടനാ ശാക്തീകരണം/ പരിശീലനപരിപാടികൾ

1. സംഘടനാ ശാക്തീകരണ പരിപാടി
2. വൈദഗ്ദ്ധ്യ വികസന പരിപാടികൾ, ജെനറൽ ഓറിയെന്റേഷൻ പ്രോഗ്രാം, ഇഡിപി , പെർഫോമൻസ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം, ബിസിനസ്സ് കൗൺസിലിംഗ് പ്രോഗ്രാം,
3. സിഡിഎസ് ആക്ഷൻ പ്ലാൻ

6) കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ

1. ആം ആദ്മി ബീമാ യോജന , രാഷ്ട്രീയ സ്വാസ്ത്യ ബീമാ യോജന
2. ഐെച്ച്എസ്ഡിപി , ബിഎസ്‌യുപി
3. എൻആർഇജി, എസ്ജെഎസ്ആർവൈ, എസ്ജിഎസ്വൈ പദ്ധതികൾ
4. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും, സാമ്പത്തിക ശാക്തീകരണത്തിനും, സ്ത്രീ ശാക്തീകരണത്തിനുമായുള്ള വിവിധ തദ്ദേശ ഭരണതല പ്രോജക്ടുകൾ.

മെമ്പർ സെക്രട്ടറി

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 52 — 02.03.2010 ൽ മറുപടിയ്ക്ക്.

## പാലോളി കമ്മിററി ശുപാർശകൾ

**ചോദ്യം** — **ഉത്തരം**

ശ്രീ. എ.സി. മൊയ്തീൻ
" കെ.ടി. ജലീൽ
" കെ.കുഞ്ഞമ്മത് മാസ്റ്റർ
" കെ. കുഞ്ഞിരാമൻ
" രാജു എബ്രഹാം

ശ്രീ. പാലോളി മുഹമ്മദ് കുട്ടി,
(തദ്ദേശ സ്വയം ഭരണവും
ഗ്രാമവികസനവും വകുപ്പു മന്ത്രി.)

| | | | |
|---|---|---|---|
| (എ) | പാലോളി കമ്മിററി ശുപാർശകൾ നടപ്പാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | പാലോളി കമ്മിററി ശുപാർശകൾ നടപ്പാക്കുന്നതിന് സെക്രട്ടേറിയററിൽ ന്യൂനപക്ഷ സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സെൽ ഘട്ടം ഘട്ടമായി വിപുലീകരിച്ച് സെക്രട്ടേറിയററിൽ ഒരു ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനമെടുക്കുകയും അതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വിവരശേഖരണവും സാദ്ധ്യതാ പഠനവും നടത്തി വരികയും ചെയ്യുന്നു. ജില്ലാതലത്തിൽ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എല്ലാ കളക്ടറേററുകളിലും ഡെപ്യൂട്ടി കളക്ടറുടെ (ജനറൽ) കീഴിൽ ഓരോ ക്ളാർക്ക് തസ്തിക വീതം സൃഷ്ടിക്കുകയും പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുകയും ചെയ്തു. ബിരുദ/ബിരുദാനന്തര/ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന മുസ്ലീം പെൺകുട്ടികൾക്ക് ഏർപ്പെടുത്തിയ സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് എന്നിവ അനുവദിക്കുന്ന പദ്ധതി നടപ്പാക്കുന്നതിന് കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഒരു സൂപ്പർവൈസർ, ഒരു ഡാററാ എൻട്രി ഓപ്പറേറർ എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. അഭ്യസ്ത വിദ്യരായ മുസ്ലീം യുവജനതയ്ക്ക് യു.പി.എസ്.സി, പി.എസ്.സി, ബാങ്കിംഗ് സർവ്വീസ്, എൻട്രൻസ് തുടങ്ങിയ പരീക്ഷകൾക്കുള്ള ഹ്രസ്വകാല പരിശീലനങ്ങൾ നൽകുന്നതിന് സംസ്ഥാനത്ത് അഞ്ച് പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവാകുകയും ആദ്യ പരിശീലന കേന്ദ്രം കോഴിക്കോട് ജില്ലയിൽ ആരംഭിക്കുന്നതിനും അതിന്റെ നടത്തിപ്പിനായി ഒരു പ്രിൻസിപ്പൽ (യു.ജി.സി), ഒരു എൽ.ഡി. |

| | | | |
|---|---|---|---|
| | | | ക്ലാർക്ക്, ഒരു കമ്പ്യൂട്ടർ ഓപ്പറേറ്റർ, ഒരു അറ്റൻഡർ/പ്യൂൺ എന്നീ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. ഇതിൽ പ്രിൻസിപ്പൽ തസ്തികയിൽ നിയമനം നടത്തിയിട്ടുണ്ട്. മറ്റ് തസ്തികകളിലേക്ക് നിയമനത്തിന് നടപടി സ്വീകരിച്ചു വരുന്നു. മദ്രസ്സാദ്ധ്യാപകർക്ക് ക്ഷേമനിധി പെൻഷൻ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു ഓഫീസ് കോഴിക്കോട് ജില്ലയിൽ പുതിയറ യിലുള്ള പഴയ ഹജ്ജ് കമ്മിറ്റി ഓഫീസ് കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ഒരു മാനേജർ, ഒരു അക്കൗണ്ടന്റ്, രണ്ട് അസിസ്റ്റന്റുമാർ, ഒരു പ്യൂൺ എന്നീ തസ്തികകൾ സൃഷ്ടിച്ച് മാനേജർ, അസിസ്റ്റന്റ് തസ്തികകളിൽ നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. മുസ്ലീം സമുദായത്തിലെ ദഖ്നി, കച്ചിമെമൻ എന്നീ വിഭാഗങ്ങളെ സംവരണ വിഭാഗത്തിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. പാലൊളി കമ്മിറ്റി ശുപാർശ പ്രകാരമുള്ള പദ്ധതികളുടെ നടത്തിപ്പ്, കാലാകാലങ്ങളി ലുള്ള പുരോഗതി അവലോകനം എന്നിവയ്ക്കായി ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സംസ്ഥാനതല കമ്മിറ്റിയും, ജില്ലാതല കമ്മിറ്റികളും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | ഉന്നത വിദ്യാഭ്യാസത്തിന് മുസ്ലീം പെൺകുട്ടികൾക്ക് ഏർപ്പെടുത്തിയ സ്കോളർ ഷിപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ 2 വർഷങ്ങളിൽ എത്ര കുട്ടികൾക്ക് പ്രയോ ജനം ലഭിച്ചു എന്ന് വ്യക്ത മാക്കുമോ ; | (ബി) | 2008-09 വർഷത്തിൽ 1597 പേർക്ക് സ്കോളർഷിപ്പും, 564 പേർക്ക് ഹോസ്റ്റൽ സ്റ്റൈപ്പന്റും അനുവദിച്ചു. 2009-10 വർഷത്തിൽ ഇതുവരെ (26.2.2010) 1007 പേർക്ക് സ്കോളർഷിപ്പും, 573 പേർക്ക് ഹോസ്റ്റൽ സ്റ്റൈപ്പന്റും അനുവദിച്ചു. |
| (സി) | ഇപ്പോൾ ഏതെല്ലാം കോഴ്സുകൾക്ക് പഠിക്കു ന്നവർക്കാണ് സ്കോളർ ഷിപ്പ് നൽകുന്നത്; | (സി) | സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന മുസ്ലീം പെൺകുട്ടികൾക്കും, പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന മെറിറ്റ് ലിസ്റ്റ് പ്രകാരം ശുപാർശ ചെയ്യപ്പെട്ട് സ്വാശ്രയ കോളേജുകളിൽ പ്രവേശനം നേടിയ മുസ്ലീം പെൺകുട്ടികൾക്കും ബിരുദ /ബിരുദാന ന്തര/പ്രൊഫഷണൽ കോഴ്സുകൾക്ക് സ്കോള ർഷിപ്പ് നൽകുന്നു. ഇപ്പോൾ സ്കോളർഷിപ്പ് അനുവദിക്കുന്ന കോഴ്സുകളുടെ പേരുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കൂടുതൽ പ്രൊഫഷണൽ കോഴ്സുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ഡി) | ഇത്തരത്തിലുള്ള ആവശ്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | പിന്നോക്ക പ്രദേശങ്ങളിൽ പുതുതായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ ? | (ഇ) | വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്ന മുസ്ലീം കേന്ദ്രീകൃത പ്രദേശങ്ങളെക്കുറിച്ചുള്ള വിവരശേഖരണം നടത്തി വരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
<u>ചോദ്യം നമ്പർ- 53</u>

2/3/2010 <u>-ൽ മറുപടിയ്ക്ക്.</u>

## <u>ജയിലുകളുടെ നവീകരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ</u>

<u>ചോദ്യം</u>

ശ്രീ. വി . ശശികുമാർ :
ശ്രീ. പി ജയരാജൻ :
ശ്രീ. സി.എച്ച് . കുഞ്ഞമ്പു:
ശ്രീ. എം. ഹംസ:
ശ്രീ. എം. പ്രകാശൻ മാസ്റ്റർ :

<u>ഉത്തരം</u>

ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
(ബഹു: ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി):

| | |
|---|---|
| (എ). ജയിലുകളുടെ നവീകരണത്തിനും വികസനത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ). ജയിലുകളുടെ നവീകരണത്തിനും വികസനത്തിനുമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. ജയിലുകളിലെ തടവുകാരുടെ ബാഹുല്യം കുറയ്ക്കുന്നതിനായി പുതിയ ജയിലുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചുവരുന്നു.<br>2. ജയിലുകളിൽ തടവുകാരെ നിരീക്ഷിക്കുന്നതിനായി സർവെയിലൻസ് സിസ്റ്റവും വിചാരണ എളുപ്പമാക്കുന്നതിനായി വീഡിയോ കോൺഫറൻസിംഗ് സംവിധാനവും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.<br>3. വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനായി ഇൻവെർട്ടറുകൾ , വൈദ്യുതി ചെലവ് കുറയ്ക്കുന്നതിനായി സി.എഫ് ലാമ്പുകൾ എന്നിവ സ്ഥാപിച്ചു.<br>4. ജയിലുകളിൽ മൊബൈൽ ജാമറുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ സെൻട്രൽ ജയിലിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.<br>5. ജയിലുകളിൽ എൽ. പി.ജി സംവിധാനം, ബ്രോഡ് ബാൻഡ്സംവിധാനമുള്ള ഇന്റർനെറ്റ് സംവിധാനം എന്നിവ ഏർപ്പെടുത്തിവരുന്നു.<br>6. ജയിലുകളുടെ സുഗമമായ നടത്തിപ്പിനായി വാഹനസൗകര്യം വർദ്ധിപ്പിച്ചു.<br>7. ജലസംരക്ഷണത്തിന്റെ ഭാഗമായി പത്ത് ജയിലുകളിൽ മഴവെള്ള സംഭരണികൾ സ്ഥാപിക്കുകയും കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി ജയിലുകളിൽ കമ്പ്യൂട്ടറുകളും പ്രിന്ററുകളും സ്ഥാപിക്കുകയും കമ്പ്യൂട്ടർ പരിശീലനം നൽകി വരികയും ചെയ്യുന്നു.<br>8. തടവുകാർക്കായി കോയിൻബോക്സ് ടെലിഫോൺ സൗകര്യം,എഫ്. എം. റേഡിയോ സംവിധാനം , ടെലിവിഷൻ സംവിധാനം എന്നിവ ഏർപ്പെടുത്തിവരുന്നു. |

| | |
|---|---|
| | 9. തടവുകാരുടെ വേതനം വർദ്ധിപ്പിക്കുകയും ശുദ്ധജലവിതരണം മെച്ചപ്പെടുത്തുന്നതിനായി വാട്ടർ ടാങ്കുകളും വാട്ടർ പ്യൂരിഫയറുകളും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.<br>10. തടവുകാരുടെ പുനരധിവാസത്തിന് മുൻതൂക്കം നൽകി ജയിലുകളിലെ കാർഷിക പ്രവർത്തനങ്ങൾ പരിഷ്കരിച്ച് തടവുകാർക്ക് പരിശീലനം നൽകുകയും പരമ്പരാഗത തൊഴിലുകൾ ആധുനികവൽക്കരിച്ചു അവയിൽ തടവുകാർക്ക് പരിശീലനം നൽകുകയും ചെയ്തു. അതോടൊപ്പം കെട്ടിടനിർമ്മാണപ്രവർത്തനം, ഫിനോയിൽ നിർമ്മാണം, സോപ്പ് നിർമ്മാണം, കന്നുകാലിപരിശീലനം, ആട് വളർത്തൽ, തേനീച്ച വളർത്തൽ, പട്ടുനൂൽപ്പുഴു വളർത്തൽ, റബ്ബർ ടാപ്പിംഗ് എന്നിവയിലെല്ലാം തടവുകാർക്ക് വിദഗ്ദ്ധ പരിശീലനം നൽകിവരുന്നു. ഇതിനെല്ലാമായി ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തിയിട്ടുണ്ട്. 2002-2007 വരെയുള്ള കാലഘട്ടത്തിലേക്ക് 75% കേന്ദ്രസഹായത്തോട് കൂടിയുള്ള ജയിൽനവീകരണ പദ്ധതിയിൻപ്രകാരം ജയിൽ തടവുകാരെ പാർപ്പിക്കുന്നതിനുള്ള ജയിലിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. ജയിൽ നവീകരണം സംബന്ധിച്ച് വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി). പുതുതായി ജയിലുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി). ഉണ്ട്<br>എറണാകുളം , കണ്ണൂർ , തിരുവനന്തപുരം ജില്ലകളിൽ ഓരോ ജില്ലാ ജയിലുകളും തിരുവനന്തപുരത്ത് ഒരു സ്പെഷ്യൽ സബ് ജയിലും , കാക്കനാട് ഒരു വനിതാ ജയിലും സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| (സി).പത്തുവർഷം തടവുശിക്ഷ മാതൃകാപരമായി പൂർത്തിയാക്കിയ ജീവപര്യന്തം തടവുകാരെ വിട്ടയയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ; | (സി). പത്തുവർഷം തടവുശിക്ഷ മാതൃകാപരമായി പൂർത്തിയാക്കിയ ജീവപര്യന്തം തടവുകാരുടെ വിവരങ്ങൾ നൽകുന്നതിനായി ജയിൽ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി). ജയിൽ നിയമം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ? | (ഡി). ജയിൽ നിയമം പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.54.

2/3/2010 -ൽ മറുപടിക്ക്

## വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച് പുതിയ നിർദ്ദേശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ്. | ശ്രീ.പാലൊളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി |
| (എ) വിവാഹരജിസ്ട്രേഷൻ സംബന്ധിച്ച് പുതിയതായി നൽകിയിട്ടുള്ള നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) 2008 ഫെബ്രുവരി 29-ാം തീയതി മുതൽ സംസ്ഥാനത്ത് നടക്കുന്ന എല്ലാ വിവാഹങ്ങളും മതഭേദമന്യേ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണ്. മറ്റേതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ പ്രകാരം രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുള്ള വിവാഹങ്ങൾ അതാതു സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾക്കു കീഴിൽ രജിസ്റ്റർ ചെയ്താൽ മതിയാകും. വിവാഹത്തിൽ ഏർപ്പെട്ട കക്ഷികൾ വിവാഹം നടന്ന തീയതി മുതൽ 45 ദിവസത്തിനുള്ളിൽ നിശ്ചിത ഫീസ് ഒടുക്കി തദ്ദേശരജിസ്ട്രാർ മുമ്പാകെ വിവാഹം രജിസ്റ്റർ ചെയ്യേണ്ടതാണ്. 2008 ഫെബ്രുവരി 29 ന് മുൻപ് നടന്ന വിവാഹങ്ങൾ കക്ഷികൾക്ക് പിഴകൂടാതെ ഹിതാനുസരണം 2010 ഡിസംബർ 31 വരെ രജിസ്റ്റർ ചെയ്യാവുന്നതാണ്. |
| (ബി) ക്രൈസ്തവ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് പ്രത്യേകമായി നിർദ്ദേശങ്ങൾ എന്തെങ്കിലും നൽകിയിട്ടുണ്ടോ; | (ബി) നൽകിയിട്ടില്ല. എന്നാൽ സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ പ്രകാരം രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുള്ള വിവാഹങ്ങൾ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണ്. |

| | | | |
|---|---|---|---|
| (സി) | ക്രൈസ്തവ ദേവാലയങ്ങളിൽ ഏതു വർഷം മുതൽ നടത്തിയിട്ടുള്ള വിവാഹങ്ങളാണ് വീണ്ടും രജിസ്റ്റർ ഓഫീസിൽ രജിസ്റ്റർ ചെയ്യുവാൻ നിർദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | രജിസ്റ്റർ ഓഫീസിൽ രജിസ്റ്റർ ചെയ്യുവാൻ നിർദ്ദേശിച്ചിട്ടില്ല. എന്നാൽ കേന്ദ്രനിയമങ്ങളായ 1872ലെ ഇന്ത്യൻ ക്രിസ്ത്യൻ വിവാഹ നിയമം, 1920 ലെ കൊച്ചിൻ ക്രിസ്ത്യൻ സിവിൽ വിവാഹനിയമം എന്നിവ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള വിവാഹങ്ങൾ വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതില്ല. അല്ലാതെ നടന്നിട്ടുള്ള വിവാഹങ്ങൾ 2008 ഫെബ്രുവരി 29ലെ ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ളതു പ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 55, 02/3/2010 ലെ മറുപടിക്ക്

പെൻഷൻ ഏകീകരണം

| ചോദ്യം<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ഉത്തരം<br>ധനകാര്യ വകുപ്പ് മന്ത്രി<br>ശ്രീ. തോമസ് ഐസക് |
|---|---|

| | | |
|---|---|---|
| (എ) | പെൻഷൻതീയതി ഏകീകരണ പദ്ധതി നടപ്പാക്കിയതി ലൂടെ 2010 മാർച്ച് 31 – ന് വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി സർക്കാരിന് എത്ര രൂപയുടെ ബാദ്ധ്യത ഉണ്ടാകും; ഇതിനായി ബഡ്ജറ്റിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; | 2008 - 09 വർഷത്തിലെ കണക്കുകളുടെ അടിസ്ഥാനത്തിൽ 31.3.2010 ൽ വിരമിക്കുന്നവരുടെ പെൻഷൻ ആനുകൂല്യം നൽകുന്നതിന് 1500 കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഈ തുക വിതരണം ചെയ്യുന്നത് 1.4.2010 ന് ശേഷമായതിനാൽ 2010 – 11 ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തുന്നതാണ്. |
| (ബി) | ഈ പദ്ധതി നടപ്പിലാക്കിയതു വഴി ഭരണ – സാമ്പത്തിക രംഗത്ത് കഴിഞ്ഞ ഒരു വർഷത്തിനിടക്ക് സർക്കാരിന് എന്തെങ്കിലും പ്രത്യേക നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | പ്രൊമോഷനുകളും ട്രാൻസ്ഫറുകളുമെല്ലാം ധനകാര്യ വർഷത്തിന്റെ തുടക്കത്തിൽ നടത്തുന്നതും ഇടയ്ക്കിടെയുണ്ടാവുന്ന പ്രൊമോഷൻ മൂലമുള്ള സ്ഥലംമാറ്റങ്ങൾ ഒഴിവാക്കുകയും ചെയ്താൽ കാര്യക്ഷമതയ്ക്ക് ഗുണകരം എന്ന ഉത്തമ വിശ്വാസത്തിലാണ് പെൻഷൻ തീയതി മാർച്ച് 31 ആയി ഏകീകരിച്ചത്. ഈ ലക്ഷ്യം സ്വാഭാവികമായും കൈവരിച്ചിട്ടുണ്ട്. മാത്രമല്ല പരിചയ സമ്പന്നരായ ഉദ്യോഗസ്ഥരുടെ സേവനം കൂടുതൽ കാലം പ്രയോജനപ്പെടുത്താനും സാധിച്ചു. |
| (സി) | റിട്ടയർമെന്റ് ആനുകൂല്യം കൊടുത്തു തീർക്കുന്നതിനായി എന്തെങ്കിലും കാലപരിധി നിശ്ചയിക്കുകയോ അല്ലെങ്കിൽ എന്തെങ്കിലും പ്രത്യേക സംവിധാനത്തിന് രൂപം നൽകുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട **ചോദ്യം നം: 56** — 2-3-2010-ൽ മറുപടിക്ക്

**അപകടാവസ്ഥയിലുള്ളതും ജീവന് ഭീഷണി ഉയർത്തുന്നതുമായ കെട്ടിടങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പള്ളിപ്രം ബാലൻ :<br>ശ്രീ. എൻ. രാജൻ :<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :<br>ശ്രീ. രാജാജി മാത്യു തോമസ് :<br>ശ്രീ. ബാബു പോൾ : | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അപകടാവസ്ഥയിലുള്ളതും ജീവന് ഭീഷണി ഉയർത്തുന്നതുമായ കെട്ടിടങ്ങൾ കണ്ടെത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അത്തരം കെട്ടിടങ്ങളെ കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) ടി ആവശ്യത്തിനായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ ഒരു സ്ക്വാഡ് രൂപീകരിച്ച് അപകടാവസ്ഥയിലുള്ളതും ജീവന് ഭീഷണിയുള്ളതുമായ കെട്ടിടങ്ങളെ കണ്ടെത്തുന്നതിന് സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 57 02.03.2010 ൽ മറുപടിയ്ക്ക്

ഭീകര വിരുദ്ധ സ്ക്വാഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. കെ. പി. പത്മനാഭൻ :<br>ശ്രീ. ബി. രാഘവൻ :<br>ശ്രീ.പി. ടി. എ. റഹീം :<br>ശ്രീ. കെ. സി. രാജഗോപാലൻ :<br>ശ്രീ. ആർ. സെൽവരാജ് : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) |
| എ) പൂനെ ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന് ജാഗ്രതാ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | ബി) എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാരോടും, കമ്മീഷണർമാരോടും, മറ്റു ഉയർന്ന പോലീസ് മേധാവികളോടും ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും ജാഗ്രത പുലർത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇന്റലിജൻസ് വിഭാഗത്തോടും നിരീക്ഷണങ്ങൾ ശക്തമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| സി) ജനങ്ങൾ കൂടുന്ന കേന്ദ്രങ്ങളിൽ ക്ലോസ്ഡ് സർക്യൂട്ട് ടി. വി. ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ ; | സി) ഉണ്ട്. |
| ഡി) എങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ ; | ഡി) ഇക്കാര്യത്തിൽ ആദ്യ നടപടി എന്ന നിലയിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ പ്രധാനപ്പെട്ട വ്യാപാര സമുച്ചയങ്ങൾ, ഹോട്ടലുകൾ, ഷോപ്പിംഗ് മാളുകൾ എന്നിവിടങ്ങളിൽ സി. സി. ടി. വി ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനങ്ങൾ സജ്ജമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട സിറ്റി പോലീസ് കമ്മീഷണർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

— — — — — — — — — —

| | |
|---|---|
| ഇ) സംസ്ഥാന ഭീകര വിരുദ്ധ സ്ക്വാഡിൻെറ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; | ഇ) ഭീകര പ്രവർത്തനം തടയുന്നതിൻെറ ഭാഗമായി സംസ്ഥാനത്ത് ഒരു ഇൻേറണൽ സെക്യൂരിറ്റി ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാരിൻെറ പരിഗണനയിലുണ്ട്.<br><br>കൂടാതെ ഇന്ത്യാ റിസർവ്വ് ബറ്റാലിയനിലെ തെരെഞ്ഞെടുത്ത 200 പേർക്ക് വിദഗ്ദ്ധ പരിശീലനം നൽകി കമാണ്ടോ വിഭാഗം രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഇവരുടെ സേവനം ഭീകര വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് ലഭ്യമാക്കുന്നതാണ്. |
| എഫ്) ഭീകരാക്രമണങ്ങൾ നേരിടാൻ പര്യാപ്തമായ സംവിധാനങ്ങൾ സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമാ ? | എഫ്) ഭീകരാക്രമണം പോലുള്ള പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിനായി സംസ്ഥാനത്ത് ഒരു ആഭ്യന്തര സുരക്ഷാ വിഭാഗത്തിന് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത വിഭാഗം ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 58

02-03-2010 ൽ മറുപടിക്ക്

ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. മുരളി<br>,, വി.ഡി. സതീശൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിപ്പും വ്യാജമുദ്രപ്പത്രങ്ങളിലൂടെയുള്ള ഭൂമി തട്ടിപ്പും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) ആധാരങ്ങളിൽ വില കുറച്ച് കാണിച്ച് സ്റ്റാമ്പ് ഡ്യൂട്ടിവെട്ടിക്കുന്നത് തടയുന്നതിനായി സംസ്ഥാനത്തെ ഭൂമിയുടെ ന്യായവില നിർണ്ണയിക്കുന്ന പ്രക്രിയ അന്തിമ ഘട്ടത്തിലാണ്. ന്യായവില നിലവിൽ വരുന്നതോട്കൂടി ആധാരത്തിൽ വില കുറച്ച് കാണിക്കുന്ന പ്രവണത ഇല്ലാതാകുന്നതാണ്. |
| (ബി) മുദ്രപ്പത്രങ്ങൾ ബാങ്കുവഴി വിൽക്കാനും ഇ-സ്റ്റാമ്പിംഗ് നടപ്പാക്കാനും ഉദ്ദേശമുണ്ടോ;<br>(സി) എങ്കിൽ ഇതിനുള്ള നടപടിക്രമം എന്തെന്നു വിശദമാക്കുമോ; | (ബി) + (സി)<br>ഇരുപതിനായിരം രൂപയ്ക്ക് മുകളിൽ വരുന്ന മുദ്രപത്രങ്ങൾ ബാങ്ക് വഴിവിതരണം ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) ബാങ്കുകൾ വഴി മുദ്രപ്പത്രം വിൽക്കുമ്പോൾ സ്റ്റാമ്പ് വെണ്ടർമാരുടെ തൊഴിൽ നഷ്ടപ്പെടാതിരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) ഇരുപതിനായിരം രൂപയ്ക്ക് മുകളിൽ വരുന്ന മുദ്രപത്രങ്ങൾ, നിലവിൽ വിതരണം ചെയ്യുന്നത് സ്റ്റാമ്പ് വെണ്ടർമാർ വഴിയല്ലാത്തതിനാൽ ഇരുപതിനായിരം രൂപയ്ക്ക് മുകളിൽ വരുന്ന മുദ്രപത്രങ്ങൾ ബാങ്കുകൾ വഴി വിതരണം ചെയ്യുന്നത് മൂലം സ്റ്റാമ്പ് വെണ്ടർമാരുടെ തൊഴിൽ നഷ്ടപ്പെടുകയില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ.59

02.03.2010-ൽ മറുപടിയ്ക്ക്

## നഗരപ്രദേശങ്ങളിലും തൊഴിലുറപ്പ് പദ്ധതി ആരംഭിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം:<br>ശ്രീ. കെ.കെ. ദിവാകരൻ:<br>ശ്രീ. സാജു പോൾ:<br>ശ്രീ. എ.എം. യൂസഫ്:<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ. സംസ്ഥാനത്ത് നഗരപ്രദേശങ്ങളിലും തൊഴിലുറപ്പ് പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ. ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| ബി. എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | ബി., സി., ഡി., ഇ. ബാധകമല്ല. |
| സി. പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നുണ്ടോ; | |
| ഡി. എന്തെല്ലാം മേഖലകളിലെ പ്രവർത്തനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്; | |
| ഇ. പദ്ധതി നടത്തിപ്പിന്റെ ചുമതല ഏത് ഏജൻസിക്കായിരിക്കുമെന്ന് വെളിപ്പെടുത്തുമോ? | |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 60 — 2.03.2010 ൽ മറുപടിയ്ക്ക്

### ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ.കെ.സി.കുഞ്ഞിരാമൻ<br>ശ്രീ.കെ.സി.രാജഗോപാലൻ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.പി.ടി.എ.റഹീം | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) പൊതുശ്മശാനമില്ലാത്തതിനാൽ ചില സ്ഥലങ്ങളിൽ ശവമടക്കുന്നതിന് അനുഭവിക്കുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br>(സി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനം നിർബന്ധമാക്കണമെന്ന ഹൈക്കോടതി നിർദ്ദേശം പ്രവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി & സി) | 11-ാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണത്തിനായി സർക്കാർ പുറപ്പെടുവിച്ച 14/5/07-ലെ സ.ഉ (എം.എസ്) നം.128/07 /തസ്വഭവ മാർഗ്ഗ നിർദ്ദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും ശ്മശാന നിർമ്മാണം ഏറ്റെടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടായിരുന്നു. പൊതുശ്മശാനം നിർമ്മിക്കേണ്ടതിന്റെ ആവശ്യകത ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ബോധ്യപ്പെടുത്തുവാനും പൊതു ശ്മശാനം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും എല്ലാ ജില്ലാകളക്ടർമാരോടും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരോടും നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടർമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാകളക്ടർമാർ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ യോഗങ്ങൾ വിളിച്ചു കൂട്ടി ശ്മശാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (vii) | പൊതുശ്മശാനം നിർമ്മിക്കുന്നതിന് പഞ്ചായത്തുകൾക്ക് എത്ര ലക്ഷം രൂപയാണ് അനുവദിക്കുന്നത്; കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | (vii) | പൊതുശ്മശാനം നിർമ്മിക്കുന്നതിന് നടപ്പുവർഷം തെരഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് 170 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടുതൽ തുക ആവശ്യമാണെങ്കിൽ പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതമായി സർക്കാരിൽ നിന്ന് വർഷം തോറും നൽകുന്ന തുകയിൽ നിന്നും ചെലവഴിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ